

Annual Magazine 2024-25
NSS College Manjeri
Ernesto Students' Union



ശ്രീ. മന്നത്ത് പത്മനാഭൻ(1878-1970)



Dr.M SASI KUMAR
President(Nair Service Society)



G SUKUMARAN NAIR
Secretary(Nair Service Society)



THIRUMULPPAD

6



Principal:Prof. Dr. Sandhya M Unnikrishnan



“ചരിത്രത്തിൽ വെട്ട് “
“വിദ്യാഭ്യാസത്തിൽ വെട്ട് “
“സിനിമയിൽ വെട്ട് “
“ പാട്ടിൽ വെട്ട് “

ഇനിയും വെട്ടുകൾ വരാനിരിക്കുന്നു...
ഇതിലും വെട്ടുകൾ വന്നേക്കാം...
ഭയം മൂലം...

കെട്ടകാലത്തെ പ്രതിരോധിക്കാൻ ഉള്ള
ഞങ്ങളുടെ ശ്രമമാണ് ഈ “വെട്ട് “

വെട്ടിനെ നിങ്ങൾ ഇഴകീറി
പരിശോധിക്കുക, വിമർശനാത്മകമായി,
യുക്തിബോധത്തോടെ...

മനസ്സിലാക്കുക,
ശബ്ദമുയർത്തുക,
മുഷ്ടിചുരുട്ടുക ....

വെട്ടിനെ
പ്രതിരോധിക്കുക !

ഹൃദയത്തിൽ നാല്പതറയുള്ള മനുഷ്യൻ

സുനിൽ കുമാർ.ടി.എം(1st MA History)

> “മറ്റുള്ളവരുടെ സന്തോഷത്തിനു വേണ്ടി അവർക്കു വേണ്ടി മാത്രം ജീവിച്ച് സ്വയം ജീവിക്കാൻ മറന്നു പോയ സ്വന്തം ദുഃഖങ്ങൾക്ക് ഇടയിൽ പാതി ചത്ത ശരീരം കൊണ്ട് ജീവിതത്തിൽ മുഖത്തു ചിരി വാരിത്തേച്ച് നടക്കേണ്ടി വരുന്ന ഹൃദയത്തിൽ നാല്പതറയുള്ള ഒരു മനുഷ്യൻ എല്ലാ കൂട്ടത്തിലും കാണും. മെഴുകു തിരിപോലെ നീറി എരിയുമ്പോഴും ചുറ്റുമുള്ളവർക്ക് വെളിച്ചം പകരാൻ വിധിക്കപ്പെട്ടവൻ.



മനകൾക്ക് കടലാസിനെ പ്രണയിക്കാൻ കഴിയുന്നിടത്തോളം കാലം സ്വപ്നങ്ങളും ദുഃഖങ്ങളും ഒരായിരം പ്രതീക്ഷകളും കുറിച്ച് വെക്കുന്ന ഞാൻ ഉൾപ്പടെയുള്ള പലരും എഴുതാൻ കൊതിക്കുന്നത് മനുഷ്യരെ കുറിച്ചാണ്. മനുഷ്യരെക്കുറിച്ച് മാത്രം!കൂടെ നിന്ന മനുഷ്യരെ കുറിച്ച്, കേട്ടിരുന്ന മനുഷ്യരെ കുറിച്ച്, ഒന്ന് കണ്ണടച്ചു തുറക്കുന്ന നിമിഷത്തിൽ സ്വപ്നങ്ങൾക്ക് ചിറകും തൂവലും ഒരുക്കി ഋതുക്കളിൽ ഏറെ മനോഹരമായ വസന്തത്തെ പോലെ ചില മനുഷ്യരുണ്ട്. യാത്ര പോലും പറയാതെ ഇറങ്ങി പോവുന്ന ഒരു കൂട്ടം മനുഷ്യർ. തെരുവ് വിളക്കിന്റെ നേരിയ വെളിച്ചത്തിൽ പാതി ഇരുട്ടിലും പാതി വെളിച്ചെത്തിലും തിരിച്ചറിയാതെ പോയ മറ്റു ചിലർ, “പ്രിയപ്പെട്ടവർ “ എന്നവരെ വിളിക്കാമോ? ഉത്തരമില്ല!പലപ്പോഴും ഞാൻ ഓർത്തു പോകാറുണ്ട് സ്നേഹിക്കാൻ മാത്രം അറിയുന്ന ചിലരില്ലേ..... മറ്റൊന്നും തിരികെ പ്രതീക്ഷിക്കാതെ നോട്ടത്തിലോ, പുഞ്ചിരിയിലോ അതുമല്ലെങ്കിൽ ഒരു ചെറു വാക്കിലൂടെയോ നമ്മളെ ചേർത്ത് നിർത്തുന്ന മനുഷ്യർ.

മറ്റുള്ളവരുടെ സന്തോഷത്തിനു വേണ്ടി അവർക്കു വേണ്ടി മാത്രം ജീവിച്ച് സ്വയം ജീവിക്കാൻ മറന്നു പോയ സ്വന്തം ദുഃഖങ്ങൾക്ക് ഇടയിൽ പാതി ചത്ത ശരീരം കൊണ്ട് ജീവിതത്തിൽ മുഖത്തു ചിരി വാരിത്തേച്ച് നടക്കേണ്ടി വരുന്ന ഹൃദയത്തിൽ നാല്പതറയുള്ള ഒരു മനുഷ്യൻ എല്ലാ കൂട്ടത്തിലും കാണും. മെഴുകു തിരിപോലെ നീറി എരിയുമ്പോഴും ചുറ്റുമുള്ളവർക്ക് വെളിച്ചം പകരാൻ വിധിക്കപ്പെട്ടവൻ. പലരും മറന്നു പോവുന്നത് അയാളെ കുറിച്ചായിരിക്കും. പലരും ഓർക്കാൻ ആഗ്രഹിക്കാത്തത് അയാളുടെ ചിരിയിൽ അലിഞ്ഞു ചേർന്നിരിക്കുന്ന നിഗൂഢതകളെ കുറിച്ചായിരിക്കും.

സൗഹൃദങ്ങൾക്ക് തണലായി അയാൾ ഉണ്ടായിരുന്നിരിക്കാം. ദുഃഖങ്ങൾക്ക് കൂട്ടിരിക്കാൻ അയാൾ സമയം കണ്ടെത്തി എന്നിരിക്കാം. ആവശ്യങ്ങൾ കഴിഞ്ഞ്,ഇലകൾ പൊഴിയും പോലെ കൂടെ നിന്നവർ ഓരോന്നായി പോയ് മറഞ്ഞിടുമ്പോൾ പോലും പുതിയ നാമ്പുകൾക്കായി കാത്തിരിക്കുന്ന തണൽ വൃക്ഷത്തെ പോലെ അയാൾ തനിച്ചായി തീരുന്നത് കാണാം. സ്വപ്നങ്ങൾ നഷ്ടപ്പെട്ട് കുത്തുവാക്കുകളുടെ മുന കൊണ്ട് ചോരയൊലിച്ച് തളർന്നു പോവുന്ന നിമിഷത്തിൽ പോലും അയാൾക്ക് തണലായി തീരാനും ചാഞ്ഞിരിക്കാൻ ഒരു തോളു പോലും അയാളെ തേടി വന്നിരുന്നില്ല എന്ന യാഥാർഥ്യം തിരിച്ചറിയുമ്പോൾ പോലും കണ്ണുനീരിനു ഇട നൽകാതെ വിറയാർന്ന ചുണ്ടുകളിൽ അയാൾ വീണ്ടും ഇല്ലാത്ത ഒരു പുഞ്ചിരി തുന്നിച്ചേർത്ത് കൊണ്ടിരുന്നു.കുറ്റബോധത്താലും കുത്തുവാക്കുകൾ കൊണ്ടും തീർത്ത സൂചിയാൽ തുന്നിച്ചേർക്കപ്പെട്ട അയാളുടെ ചിരിക്കുന്ന ചുണ്ടുകളിൽ അപ്പോഴും ചോര പൊടിയുന്നുണ്ടായിരുന്നു.

ഫാസിസം എങ്ങനെയാണ് മനുഷ്യരിൽ ഇടപെടുന്നത് ?

അഭിനവ് കൃഷ്ണ പി കെ (മൂന്നാംവർഷ ചരിത്രവിഭാഗം)



ഫാസിസം എങ്ങനെയാണ് മനുഷ്യരിൽ ഇടപെടുന്നത്? ഫാസിസത്തിന്റെ പ്രത്യേകത എന്തെന്നാൽ ഒരാൾക്കൂട്ടത്തെ മുഴുവൻ വിഡ്ഢികളാക്കാനും,തങ്ങളുടെ അനുയായികളാക്കാനും, അതുപോലെ തന്നെ ചവച്ചരച്ച് തുപ്പാനുമാകും എന്നതാണ്. ചിത്പവൻ ബ്രാഹ്മണരുടെ രാജ്യനഷ്ട്ടത്തിൽ തുടങ്ങി ഓരോ കാലഘട്ടത്തിലെയും രാഷ്ട്രീയ സാമൂഹ്യ അന്തരീക്ഷത്തിൽ വളർച്ച പ്രാപിക്കുന്ന ഹിന്ദുത്വയെ മനസ്സിലാക്കേണ്ടതിനും മാറ്റി നിർത്തേണ്ടതിനും ഹിന്ദുത്വ മുന്നോട്ടു വക്കുന്ന മതേതരവിരുദ്ധ ആശയത്തെ പ്രാഥമികമായെങ്കിലും മനസ്സിലാക്കുന്നതിന് മതേതര ഇന്ത്യയുടെ ഭാവിയെ സ്വപ്നം കാണുന്നവർ തയ്യാറാകണം. ഒരു സംസ്കാരത്തെ അടിമുടി വിഴുങ്ങി കൊണ്ടാണ് "ഹിന്ദുത്വ" ഇന്ത്യയിൽ പ്രവർത്തനം നടത്തുന്നത്. "ഹൈന്ദവ സംസ് കാരത്തെയും വിശ്വാസത്തെയും" അതിന്റെ നേർവിപരീതമായ " ഹിന്ദുത്വയെയും" വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കാത്തതിലെ പാളിച്ചയാണ് അല്ലെങ്കിൽ ഹിന്ദുത്വയുടെ ആൾക്കൂട്ട മന്ത്രവാദത്തിൽ വീണ് പോകുന്ന മനുഷ്യരാണ് ഇന്ത്യയിൽ തുടർച്ചയായി ഫാസിസ്റ്റ് രാഷ്ട്രീയ ത്തെ അധികാരത്തിൽ ഇരുത്തുന്നത്. ആൾകൂട്ടത്തിന്റെ പിൻബലം ഇല്ലെങ്കിൽ വലതുപക്ഷ ഫാസിസ്റ്റ് ബോധത്തിന് നിലനിൽപ്പില്ല. നമ്മുടെ വംശത്തിന് പുറത്തുള്ള എല്ലാവരെയും ശത്രുക്കളായും,അക്രമിക്കപ്പെടേണ്ടവരായും കാണുന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതമായ രാഷ്ട്രീയ പ്രവർത്തന പദ്ധതി ഹിറ്റ്ലറിൽ തുടങ്ങി ഇന്നത്തെ ഇന്ത്യ വരെ എത്തി നിൽക്കുന്നതായി കാണാം.ഹിറ്റ്ലർ "ആര്യൻ വംശീയ മേധാവിത്വ സിദ്ധാന്തത്തിന്റെ " പിൻബലത്തിൽ ഒരു ജനതയെ മുഴുവൻ ഹോളോകാസ്റ്റിന് വിധേയമാക്കിയപ്പോൾ ഇന്ത്യയിൽ അധികാരത്തിൽ ഇരിക്കുന്ന വലതുപക്ഷ ഹിന്ദുത്വഭരണകൂടം "ഹിന്ദുത്വ ദേശീയതയുടെ" പിൻബലത്തിൽ ഒരു രാജ്യത്തെ ഹിന്ദുത്വവൽക്കരിക്കാനും മതേതരത്വത്തിൽ അധിഷ്ഠിതമായ ഇന്ത്യയുടെ മനുഷ്യത്വരാഷ്ട്രീയത്തെ ഗില്ലറ്റിന് വിധേയമാക്കാനുള്ള ഊർജ്ജിതശ്രമത്തിലാണ്. വലതുപക്ഷ ഫാസിസ്റ്റ്

പ്രവണതകളെ പ്രതിരോധിക്കുന്നതിനും ഒറ്റപ്പെടുത്തുന്നതിനും ഉള്ള പ്രധാന മാർഗ്ഗം ആ വളർന്നു കൊണ്ടിരിക്കുന്ന വർഗ്ഗീയമരത്തിനെഅടിവേരോടുകൂടി മനസ്സിലാക്കുക എന്നതാണ്.

രാജ്യംഭരിക്കുന്ന ഫാസിസ്റ്റ് ഗവണ്മെന്റിനെ നയിക്കുന്ന ഹിന്ദുത്വ ആശയധാരയുടെ വേരുകൾ ചരിത്രപരമായിതേടുമ്പോൾ നാം ചെന്നെത്തുക ശിവജിയുടെ മറാത്ത സാമ്രജ്യത്തിനു കീഴിലാണ്. ശിവജിയുടെ മറാത്ത ഭരണത്തിനു കീഴിൽ അണിനിരന്ന ഉദ്യോഗസ്ഥവൃന്ദത്തിൽ പേഷ്വമാരായി (പ്രധാനമന്ത്രി) സാമൂഹികമായും രാഷ്ട്രീയപരമായും ഉന്നത പദവികൾ അലങ്കരിച്ചിരുന്ന, ബ്രാഹ്മണരിൽ തന്നെ

> ഹിറ്റ്ലർ “ആര്യൻ വംശീയ മേധാവിത്വ സിദ്ധാന്തത്തിന്റെ “ പിൻബലത്തിൽ ഒരു ജനതയെ മുഴുവൻ ഹോളോകാസ്റ്റിന് വിധേയമാക്കിയപ്പോൾ ഇന്ത്യയിൽ അധികാരത്തിൽ ഇരിക്കുന്ന വലതുപക്ഷ ഹിന്ദുത്വഭരണകൂടം “ഹിന്ദുത്വ ദേശീയതയുടെ” പിൻബലത്തിൽ ഒരു രാജ്യത്തെ ഹിന്ദുത്വവൽക്കരിക്കാനും മതേതരത്വത്തിൽ അധിഷ്ഠിതമായ ഇന്ത്യയുടെ മനുഷ്യത്വരാഷ്ട്രീയത്തെ ഗില്ലറ്റിന് വിധേയമാക്കാനുള്ള ഉൗർജ്ജിതശ്രമത്തിലാണ്.



ഉപവിഭാഗമായി നിലനിൽക്കുന്ന ചിത്പവൻ ബ്രഹ്മണരുടെ പ്രബലമായ സാമൂഹികാധികാരത്തിൽ വന്ന സ്ഥാനമാറ്റത്തിന്റെ അലെങ്കിൽ, അധികാര നഷ്ടത്തിന്റെ പ്രത്യുൽപ്പന്നമായി രൂപം കൊണ്ട പകയും ബ്രാഹ്മണിക അധികാര സ്വത്വത്തെ സമൂഹത്തിൽ വീണ്ടും സ്ഥാപിതമാക്കേണ്ടതിന്റെ സവർണ്ണ ആവിശ്യകതയുമാണ് ഇന്നത്തെ ഫാസിസ്റ്റ് ഗവണ്മെന്റിന്റെ ആശയം വരെ എത്തി നിൽക്കുന്നത്.കൊളോണിയൽ ഭരണത്തിന്റെ കടന്നുവരവോടെയാണ് മറാത്തയിലെ പേഷ്വഭരണ ക്രമത്തിന്റെ കടക്കൽ വെട്ട് വീഴുന്നത് അത് അവരുടെ കൈകളിൽ കാലങ്ങളായി നിലനിന്നിരുന്ന സവർണ്ണ സാമൂഹ്യ നിയന്ത്രണത്തെ തകർത്തു.ചിത്പവൻ ബ്രാഹ്മണരുടെ രാജ്യാധികാര നഷ്ടത്തിന്റെ പകയും സമരങ്ങളും തങ്ങളുടെ അധികാരം നഷ്ടപ്പെടുത്തിയ ബ്രിട്ടണ് എതിരായിരുന്നു എങ്കിലും അതിന്റെയെല്ലാം അന്തരിക ചോദന, നഷ്ടപ്പെട്ട ചിത്പവൻ അധികാരത്തിന്റെ തിരിച്ചുവരവായിരുന്നു സ്വപ്നം. ചരിത്രത്തെ ആഴത്തിൽ വായിക്കുമ്പോൾ നിഴലിച്ചുനിൽക്കുന്ന വൈരുദ്ധ്യങ്ങൾ നമ്മൾ പ്രതിപുരുഷ ബിംബങ്ങളായി പ്രതിഷ്ഠിച്ചിരുന്ന സ്വാതന്ത്യസമര നേതാക്കളടക്കം പലരുടെയും വിശാലതയെ തകർക്കുന്നതാണ്. കൊളോണിയലിസവുമായുള്ള സന്ധിയില്ലാ സമരങ്ങളിൽ നേതൃത്വം വഹിച്ച വ്യക്തിയായിരുന്നു മഹാരാഷ്ട്ര കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ബാല ഗംഗാധര തിലക്. മുൻപ് സൂചിപ്പിച്ച ചിത്പവൻ കുലത്തിൽ ജനിച്ച ഇദ്ദേഹത്തിന്റെ പ്രക്ഷോഭങ്ങൾ നേർരേഖയിൽ കൊളോണിയലിസത്തിന് എതിരായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ എഴുത്തുകളിലും പ്രവർത്തികളിലും ബ്രാഹ്മണ കേന്ദ്രീകൃതമായ ഹിന്ദു സമൂഹം ഇന്ത്യയിൽ പടുത്തുയുർത്തുന്നതിന് ലക്ഷ്യം വച്ചിരുന്നു എന്ന് കാണാം. നഷ്ടപ്പെട്ടുപോയി കൊണ്ടിരിക്കുന്ന ചിത്പവൻ സ്വത്വത്തിനെ തിരിച്ചു കൊണ്ടുവരുന്നതിന് ജനസം ഖ്യയിൽ ന്യൂനപക്ഷമായി നിലനിന്നിരുന്ന ചിത്പവൻ ബ്രാഹ്മണരെ കൊണ്ട് മാത്രം സാധിക്കുന്ന കാര്യമായിരുന്നില്ല ഇത് പരിഹരിക്കുന്നതിന് വേണ്ടിയാണ് മഹാരാഷ്ട്രയിൽ വലിയ തരത്തിൽ ഉള്ള ഹിന്ദു ഐഡന്റിറ്റി രൂപീകരിക്കുന്നതിന്റെ ഭാഗമായി തിലകിന്റെ സൃഷ്ടിയായ ശിവജി ഉത്സവവും, ഗണേശ് ഉത്സവവും കടന്നുവരുന്നത്. ഇത്തരത്തിൽ തിലകിന്റെ യാഥാസ്ഥിത ബ്രാഹ്മണിക്കൽ രാഷ്ട്രീയത്തെ പിൻപറ്റിയാണ് ഹിന്ദുത്വയുടെ വക്താവായ സവർക്കർ തുടങ്ങിയ വ്യക്തികൾ രാഷ്ട്രീയ പ്രവേശനം നടത്തുന്നത്. 50 വർഷത്തെ സെല്ലുലാർ ജയിൽവാസത്തിനു വിധിക്കപ്പെട്ട സവർക്കർ പിന്നീട് ഇളവ് കിട്ടി ഇന്ത്യയിലേക്ക് വരുന്നത് കൊളോണിയൽ നേതാക്കൾക്ക് യാതൊരു ലജ്ജയും കൂടാതെ കൊളോണിയലിസത്തിന്റെ വാലാട്ടി പട്ടിയായി നിന്നുകൊള്ളാം എന്ന നിരന്തര മാപ്പപേക്ഷകൾക്ക് അംഗീകാരം ലഭിച്ചതിനു ശേഷമാണ്. സവർക്കറിലേക്ക് എത്തുമ്പോഴാണ് ഹിന്ദുത്വ അതിന്റെ രാക്ഷസരൂപം കൈവരിക്കുന്നത് എന്ന് കാണാം..ആദ്യകാലങ്ങളിൽ കൊളോണിയലിസത്തിനോടുള്ളകടുത്ത എതിർപ്പ് മാപ്പപേക്ഷക്ക്ശേഷം ബ്രിട്ടണോട് മൃദുലവും, ഹിന്ദു സ്വത്വത്തിന് പുറത്തു നിൽക്കുന്നവരേയും മതേതര സമത്വവാദികളേയും രാഷ്ട്ര വിരോധികളായി കാണുന്ന നിലയിലേക്ക് വരുന്നു. തുടർന്ന് അദ്ദേഹം നടത്തിയ

എഴുത്തുകളും ലേഖനങ്ങളും വ്യാപകമായി ഇന്ത്യാ ചരിത്രത്തെ അപനിർമ്മാണം നടത്തുന്നതായിരുന്നു. "ഹിന്ദുത്വ" എന്ന തന്റെ ഗ്രന്ഥത്തിൽ അടിസ്ഥാനമില്ലാത്ത ന്യായങ്ങൾ നിരത്തി കൊണ്ട് ചരിത്രത്തെ വളചൊടിച്ച് കൊണ്ട് ഇന്ത്യയുടെ മധ്യകാലത്തെ ഹിന്ദുവിരുദ്ധമായി സൃഷ്ടിച്ച് വിണ്ടും വസ്തുതാവിരുദ്ധമായ വ്യഖ്യാനങ്ങൾ നടത്തുകയുണ്ടായി അതിന് സവർക്കർ സാഹിത്യം എന്ന പേരുവരെ രൂപപെട്ട് വന്നു. വിവിധ കാലയളവുകളിൽ വിവിധ സന്ദർഭങ്ങളിൽ സാമൂഹ്യ രാഷ്ട്രീയ സാചര്യങ്ങളിൽ പരിവർത്തനത്തിന് വിധേയമായ ഇതേ വിഭാഗീയ പ്രത്യയശാസ്ത്രമാണ് മതേതര ഇന്ത്യയെ ഇന്ന് ഭരിക്കുന്നതും ഹനിക്കുന്നതും. ഹിന്ദുത്വയാൽ പ്രചോദിതമായി 2025ൽ പോലും ഭരണകൂടം യഥാത്ഥ ചരിത്രത്തിന്റെ അരികുവൽക്കരണം നടത്തുന്നുണ്ട്, NCERT യുടെ പുതിയ പാഠ്യപദ്ധതിപരിഷ്കരണത്തിൽ ചരിത്രത്തിൽ വന്നമാറ്റം മുഗൾ ചരിത്രത്തെ ഒഴിവാക്കുകയും കുംഭമേളയെ ബൃഹദ് വൽക്കരിക്കുകയുമാണ്. അനൽസ് ചരിത്രകാരനായ മാർക്ക് ബ്ലോക്ക് ചരിത്ര രചനയുമയി ബന്ധപ്പെടുത്തി പറയുന്ന ഒരഭിപ്രായമുണ്ട് " ഗൗരവത്തോടെയും ശ്രദ്ധയോടെയുമല്ല ചരിത്ര രചന നടത്തുന്നതെങ്കിൽ പേനയിൽ നിന്ന് മഷിക്ക് പകരം രക്തമാവും പരന്നൊഴുകുക" എന്നതാണ്. ഗൗരവമോ ശ്രദ്ധയോ കൂടാതെ ഇന്ത്യയിൽ അരങ്ങേറുന്ന ഹിന്ദുത്വ ആശയ പ്രേരിതമായ പാഠ്യപദ്ധതി പരിഷ്കരണങ്ങളും ചരിത്രത്തിന്റെ അപനിർമ്മാണവും എല്ലാംതന്നെ മാർക്ക് ബ്ലോക്ക് സൂചിപ്പിക്കുന്നതുപോലെ ചോര ചിന്തുന്നതിനും സമൂഹത്തിൽ വിഭാഗീയത വളർത്തുന്നതിനും ആക്കം കൂട്ടുന്നതാണ്.

രാഷ്ട്രീയ പ്രവർത്തന തന്ത്രത്തിന്റെ ഭാഗമായി ഹൈന്ദവതയെ മുറുകെ പിടിക്കുന്ന ഹിന്ദുത്വയുടെ അകക്കാമ്പിൽ ഇപ്പോഴും നിലനിന്ന് പ്രവർത്തിക്കുന്നത് ബ്രാഹ്മണിക സവർണ്ണ വർഗ്ഗബോധമാണ് അത് ഒരിക്കലും ചാതുർവർണ്ണ്യ വ്യവസ്ഥയെ തള്ളി പറയുകയൊ ജാതി ഉന്മൂലനത്തിന് നേതൃത്വം നൽകുകയൊ ജാതിരഹിതമായ ഹിന്ദു സംസ്കാരം കെട്ടിപ്പടുക്കുന്നതിന് ആഹ്വാനം നൽകുകയൊ ചെയ്യുന്നില്ല എന്ന് സാമാന്യ ബുദ്ധി ഉപയോഗിച്ചാൽ മനസ്സിലാവും. ഇത്തരത്തിൽ വേരോട്ടം നടത്തുകയും വളർച്ച പ്രാപിക്കുകയും ചെയ്യുന്ന ഹിന്ദുത്വയുടെ പേടിസ്വപ്നമായാണ് തമിഴ്നാട്ടിലെ കീഴാടി എന്ന ഗ്രാമം നിലനിൽക്കുന്നത്. ഇന്ത്യൻ സംസ്കാരം ആര്യ, വൈദിക കേന്ദ്രികൃതമാണ് എന്നും ദക്ഷിണേന്ത്യയിലെ മനുഷ്യർക്ക് വൈദിക സംസ്കാരവുമായി കിടപിടിക്കുന്ന തരത്തിൽ ഉള്ള യാതൊരു സ്വത്വങ്ങളും അവകാശപ്പെടാനില്ല എന്ന് വാദിച്ചിരുന്ന ഹിന്ദുത്വവാദികളുടെ വാദങ്ങൾക്ക് കടകവിരുദ്ധമായാണ് കീഴാടി എന്ന പ്രദേശത്തെ ഉത്ഖനനങ്ങളിൽ നിന്ന് കണ്ടെത്തിയ പുരാവസ്തുക്കളുടെ കാർബൺ ഡേറ്റിംഗ് വിവരങ്ങൾ പുറത്തുവരുമ്പോൾ

> ഒരു സംസ്കാരത്തെ അടിമുടി വിഴുങ്ങി കൊണ്ടാണ് "ഹിന്ദുത്വ" ഇന്ത്യയിൽ പ്രവർത്തനം നടത്തുന്നത്. "ഹൈന്ദവ സംസ്കാരത്തെയും വിശ്വാസത്തെയും" അതിന്റെ നേർവിപരീതമായ " ഹിന്ദുത്വയെയും" വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കാത്തതിലെ പാളിച്ചയാണ് അല്ലെങ്കിൽ ഹിന്ദുത്വയുടെ ആൾക്കൂട്ട മന്ത്രവാദത്തിൽ വീണു പോകുന്ന മനുഷ്യരാണ് സംഘപരിവാറിനെ അധികാരത്തിൽ ഇരുത്തുന്നത്.

മനസ്സിലാക്കാൻ സാധിക്കുന്നത്.

വേദസംസ്കാരത്തെ മറികടക്കുന്ന തരത്തിൽ കാലപ്പഴക്കമുള്ള വൈഗ നദീതീരത്ത് നിലനിന്നിരുന്ന ഈ സംസ്കാരത്തിന് സൈന്ധവ സംസ്കാരവുമായി ബന്ധവും, സാമ്യതകളും നിലനിൽക്കുന്നത് ദ്രാവിഡ സംസ്കാരത്തിന്റെ ചരിത്രം ഒരുപാട് പിന്നോട്ട് കൊണ്ടുപോവുന്നതാണ്. ഇത്തരത്തിൽ ഈ വസ്തുത അഗീകരിക്കപ്പെട്ട് പുറത്തുവന്നാൽ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ അടിവേര് തന്നെ അറുക്കപ്പെടും . ഈ ഭയത്തിന്റെ പ്രതിപ്രവർത്തനമായാണ് കേന്ദ്ര ആർക്കിയോളജി ഇത്തരത്തിൽ പുറത്തുവന്ന യഥാർത്ഥ സത്യത്തെ തിരുത്തുന്നതിനും, പഴക്കം കുറച്ചു കാണിക്കുന്നതിനും,ഖനനത്തിന് നേതൃത്വം കൊടുത്ത അമർനാഥ് എന്ന ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുന്നതിലേക്ക് വരെ എത്തിച്ചത്.ഫാസിസം ഏതെല്ലാം രൂപത്തിൽ സമൂഹത്തിൽ ഇടപെടുന്നു എന്നതിനുള്ള മറ്റൊരു ഉദാഹരണമാണ് ഇപ്പോഴും പ്രശ്നം നടന്നുകൊണ്ടിരിക്കുന്ന കീഴാടി ഉത്ഖനനം. നിലനിൽക്കുന്ന ഇത്തരം ഉദാഹരണങ്ങൾ എല്ലാം തന്നെ ഫാസിസത്തിന്റെ ബോധപൂർവ്വമായ പ്രവർത്തനഫലമായി രൂപപ്പെട്ടു വന്നവയാണ് ഇത്തരം പ്രതിബന്ധങ്ങൾക്ക് മുന്നിൽ നിക്ഷ്പക്ഷത ചമയാതെ തുറന്ന അഭിപ്രായങ്ങൾ പറയാനും ചോദ്യങ്ങളുന്നയിക്കാനും ആശയപരമായി തർക്കിക്കാനും മതേതര ഇന്ത്യയുടെ നിലനിൽപ്പിനെ ആഗ്രഹിക്കുന്ന എല്ലാ മനുഷ്യരും തങ്ങളുടെ സമൂഹത്തിൽ വേരോടുന്ന വിവിധ ഫാസിസ്റ്റ് പ്രവർത്തങ്ങൾക്ക് എതിരായി ആയുധങ്ങളുടെ മൂർച്ച കൂട്ടേണ്ടതായിട്ടുണ്ട്.

ജാതി സംവരണം

പ്രിയഞ്ജന കെ (1st BA English)

ജാതി സംവരണം അനീതിയാണ്, അത് ജാതീയത ഉയർത്തിക്കൊണ്ടുവരും, പൂർവികർ ചെയ്തു എന്നു പറയുന്ന തെറ്റിന് എന്തിന് ഞങ്ങളെ ശിക്ഷിക്കുന്നു, ജാതി സംവരണം കാരണം ഉയർന്ന റാങ്ക് കിട്ടിയിട്ടും ജോലിയിൽ നിന്നും പഠനാവസരങ്ങളിൽ നിന്നും അവസരം നഷ്ടപ്പെടുന്നു.. തുടങ്ങിയ പുതിയ വാതഗതികൾ ഉയർത്തുന്ന ഒരു കാലത്ത് നിന്നാണ് ഇത് എഴുതുന്നത്.
എന്താണ് ജാതി സംവരണം? എന്തുകൊണ്ടാണ് ഇത് ഭരണഘടനയുടെ ഭാഗമായത് എന്നൊന്നും മനസ്സിലാക്കാൻ ശ്രമിക്കാത്തത് കൊണ്ടാണ് നിർഭാഗ്യവശാൽ ഇതിനെതിരെ വാദങ്ങൾ ഉയരുന്നത്.
ജാതി സംവരണം ഒരിക്കലും ഒരു സാമ്പത്തിക സഹായമോ ദാരിദ്ര്യ നിർമ്മാർജന പദ്ധതിയോ അല്ല എന്നതാണ് യാഥാർത്ഥ്യം. അടിമ സമാനമായ ഒരു ജീവിതം നയിക്കേണ്ടി വരികയും, ദാരിദ്ര്യവും, സാമൂഹ്യ അടിച്ചമർത്തലുകളും നൂറ്റാണ്ടുകളായി അനുഭവിക്കേണ്ടി വരികയും ചെയ്ത ഒരു ജാതി സമൂഹത്തെ സാമൂഹിക മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരിക എന്ന ഉജ്ജ്വലമായ കാഴ്ചപ്പാടിന്റെ പ്രതിഫലനം ആയാണ് ജാതി സംവരണം എന്ന ആശയം ഉയർന്നുവന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തപ്പെടുകയും അയിത്തം അടക്കമുള്ള ദുരാചാരങ്ങൾക്ക് ഇരയാവുകയും ചെയ്ത ഈ വിഭാഗത്തിന്റെ അനുഭവസ്ഥരായ ഒരു തലമുറയിലെ കണ്ണികൾ ഇനിയും കൊഴിഞ്ഞു തീർന്നിട്ടില്ലാത്ത ഒരുകാലത്ത് തന്നെയാണ് നാം ഇന്നും ജീവിക്കുന്നത്. ജീവിത സാഹചര്യങ്ങൾ ഏൽപ്പിച്ച ക്ഷതങ്ങൾ പേറുന്ന മനസ്സുകളും, സമൂഹം ഇല്ല എന്നു പറയുമ്പോഴും ഇപ്പോഴും മനസ്സിൽ പേറുന്ന ജാതിവെറിയും മാറി തുടങ്ങുന്നിടത്തെ ജാതി സംവരണത്തെ കുറിച്ചുള്ള ഏതൊരു ചിന്തയ്ക്കും സ്ഥാനമുള്ളൂ.

ഭരണഘടനയിൽ തന്നെ ജാതി സംവരണം ഉറപ്പുവരുത്തിയിട്ട് പോലും ഇന്ത്യൻ സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സർക്കാർ ജോലികളിലേക്കും, പ്രത്യേകിച്ച് ഉയർന്ന പദവികൾ പരിശോധിക്കപ്പെട്ടാൽ തീർത്തും പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്ന് കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തും. ഈ



സാഹചര്യത്തിൽ നിന്നും വലിയൊരു അളവ് കേരളസംസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വളരെ വ്യത്യാസമുണ്ട് എങ്കിലും ഇപ്പോഴും സ്വകാര്യ, എയ്ഡഡ് മേഖലകളിലും, മാധ്യമ രംഗം, ജുഡീഷ്യറി തുടങ്ങിയ പല മേഖലകളിലും വലിയ വേർതിരിവ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.
സംവരണം വഴി ജോലിയിൽ എത്തുന്നവർ ജോലിയുടെ നിലവാരം കുറയ്ക്കുന്നു എന്നു വരെ പറഞ്ഞുവെക്കാൻ ചിലർ മെനക്കെടുന്നതും ഇതുമായി ബന്ധപ്പെട്ട് നമുക്ക് കാണാം. ഇതിനവർ പറയുന്നത് റാങ്കും വെച്ചാണ്. ഈ മെറിറ്റ് എന്നതിൻറെ അളവ് കോൽ നാം സൃഷ്ടിച്ചെടുത്തത് മാത്രമാണ് എങ്കിൽ കാര്യക്ഷമതയ്ക്ക് ഇതുമായി ഒരു ബന്ധവുമില്ല എന്നതാണ് യാഥാർത്ഥ്യം. ജാതി ബോധത്തിൽ നിന്നും കേരളീയ സമൂഹം പോലും ഇപ്പോഴും മോചിക്കപ്പെട്ടിട്ടില്ല എന്നതിന്റെ വലിയ ഉദാഹരണം വിവാഹ രംഗം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഒരു സംവരണേതരന്റെ കുടുംബത്തിലേക്ക് ഒരു പട്ടിക വിഭാഗത്തിൽ പെട്ടവരെ ബന്ധുവായി സ്വീകരിക്കാനുള്ള മനസ്സ് ഒന്നും ഇപ്പോഴും ഈ ജാതി സംവരണത്തെ എതിർക്കുന്നവരിൽ ഭൂരിപക്ഷത്തിനും ഇല്ല എന്ന് നമുക്ക് കാണാം. ഈയൊരു ലേഖനം തയ്യാറാക്കുന്ന കാലത്തും സർക്കാർ ഇടപെട്ട് ജാതീയ വേർതിരിവിനെ ഒരു പടി കൂടി അകറ്റിനിർത്താൻ പഴയ പട്ടികജാതി കോളനികൾ എന്ന് അറിയപ്പെട്ടിരുന്ന ഇടങ്ങളെ നഗർ എന്നും ഉന്നതി എന്നും പുനർനാമകരണം ചെയ്യേണ്ട അവസ്ഥ നിലനിൽക്കുന്നു എന്നും അറിയുന്നു.

SC,ST,OBC വിഭാഗത്തെ പ്രതിനിധീകരിച്ച് ഇന്ത്യൻ ജനതയുടെ 70% വരുമ്പോൾ പൊതുവിഭാഗത്തിൽ 30% പേരാണ് ഉള്ളത്. മുക്കാൽ പങ്കുവരുന്ന സംവരണ വിഭാഗത്തിന് വിദ്യാഭ്യാസ, ജോലി സംവരണം നൽകുന്നത് 50% ആണ് (SC : 15% ,ST : 7.5%, OBC: 27%). അടുത്ത് അൻപത് ശതമാനം വരുന്നത് പൊതു വിഭാഗത്തിലാണ് എന്ന് നാം മനസ്സിലാക്കണം. ഇത്രയൊക്കെ സംവരണം ഉണ്ടായിട്ടും ഇതിന്റെ പകുതിയിൽ എത്താൻ 75% വരുന്ന ജനതയെ പ്രതിനിധീകരിക്കുന്നവർക്ക് എത്താൻ കഴിയുന്നില്ല എന്നും, ഇപ്പോഴും സംവരണേതര വിഭാഗം ഉയർന്ന ജോലികളിൽ പരമാവധി തൊഴിൽ ഇടങ്ങളിൽ ഭൂരിപക്ഷം ആയി തന്നെ തുടരുന്നു എന്നതും, സംവരണ വിഭാഗത്തിൽപ്പെട്ടവർ സമൂഹത്തിന് മുഖ്യധാരയിലെത്താൻ സംവരണം തുടരേണ്ടതുണ്ട് എന്ന വ്യക്തമായ സൂചനകൾ തന്നെയാണ് കാണിക്കുന്നത് എന്നും, സാമൂഹിക തുല്യത എന്ന ജനാധിപത്യ അവകാശം ഉറപ്പുവരുത്താൻ സമൂഹത്തിന് ബാധ്യതയുണ്ട് എന്നും ഓർമ്മപ്പെടുത്തുക എന്ന കടമ ഈ ലേഖനത്തിലൂടെ ഉറപ്പിക്കട്ടെ.



ആഗ്രഹിക്കുന്ന ജോലിക്ക് അവസരങ്ങളുടെ ലോകം.....

Ai Integrated Accounting

പഠനത്തിലൂടെ ഇനി നിങ്ങൾക്കും
ഒരു ACCOUNTS MANAGER ആകാം.....

100% PLACEMENT GUARANTEED

ACCOUNT SOLUTIONS®

Find your success

PERINTHALMANNA | NILAMBUR | MANJERI 9747 638 638 | 9747 648 648

intuit quickbooks | ZOHO Books | TallyPrime | SAP | Tally | KASE

New Block

കൃത്യമായി ക്ലാസ്സ്
ഡിസ്ട്രിബ്യൂഷൻ ചെയ്യാത്ത
കെട്ടിടം. കാന്റീന്റെ അടുത്തുള്ള
കെട്ടിടം. നിലവിൽ മാതസ്
ഡിപ്പാർട്മെന്റിലെ ഒരു ക്ലാസ്സും
ലാംഗ്വേജ് ക്ലാസ്സുകളും മാത്രം
ആണ് ഈ കെട്ടിടത്തിൽ
നടക്കുന്നത്. മൊത്തം
ക്യാമ്പസ്സിൽ നിന്നും വിട്ടു
നിൽക്കുന്ന കെട്ടിടം, റൂസ
ബിൽഡിംഗ്.



ആവിഷ്കാര സ്വാതന്ത്ര്യം - ഹനിയ്ക്കപ്പെടുന്ന നാളുകൾ

അഭിനവ്കൃഷ്ണ. കെ. വി (3rd BSC Physics)

കുറച്ചു നാളുകളായി നവമാധ്യമങ്ങളിലൂടെയും അല്ലാതെയുമൊക്കെ ' ആവിഷ്കാര സ്വാതന്ത്ര്യം ' എന്ന പദം നാം കേട്ടുകൊണ്ടിരിയ്ക്കുകയാണ്. ഒരു നിമിഷമെങ്കിലും എന്താണെന്ന് നാം ചിന്തിച്ചിട്ടുണ്ടാകും. ഇന്നത്തെ കാലഘട്ടത്തിൽ അത്രയേറെ പ്രാധാന്യം അർഹിക്കുന്ന ഒന്ന് തന്നെയല്ലേ ഈ ആവിഷ്കാര സ്വാതന്ത്ര്യം. എന്താണ് അപ്പോൾ ആവിഷ്കാര സ്വാതന്ത്ര്യം? നമുക്കെല്ലാവർക്കും സ്വയം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യമാണ് ആവിഷ്കാര സ്വാതന്ത്ര്യം. സംസാരിക്കാനും കേൾക്കാനും ഉള്ള അവകാശവും ,രാഷ്ട്രീയ - കല -സാമൂഹിക ജീവിതത്തിൽ പങ്കെടുക്കാനുള്ള അവകാശമാണിത്. അപ്പോൾ എന്താണ് ഇതിന്റെ പ്രാധാന്യം?രാഷ്ട്രീയ വിയോജിപ്പുകൾ, വൈവിധ്യമാർന്ന സംസ്കാരിക ആവിഷ്കാരം, സർഗാത്മകത ,നവീകരണം എന്നിവയ്ക്കും ആത്മപ്രകാശനത്തിലൂടെ ഒരാളുടെ വ്യക്തിത്വ വികാസത്തിനും ആവിഷ്കാര സ്വാതന്ത്ര്യം അടിസ്ഥാനപരമാണ്. ഇത് സംഭാഷണം സാധ്യമാക്കുകയും ധാരണ വളർത്തുകയും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു . ആശയങ്ങളും വിവരങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെ നമ്മുടെ അറിവും അതുവഴി സമൂഹം മെച്ചപ്പെടുന്നു.

എന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നുണ്ടോ എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. ഏത് മേഖലയിലായാലും ആവിഷ്കാര സ്വാതന്ത്ര്യം പലയിടങ്ങളിൽ ഹനിയ്ക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിത്യജീവിതത്തിന് ആയാലും പത്ര-മാധ്യമ മേഖലയിലായാലും സിനിമ മേഖലയിലായാലും ഇത്തരത്തിലുള്ള നിഷേധങ്ങൾ നിഴലിക്കുന്നുണ്ട്. നാമെല്ലാവരും നേരിടുന്ന പ്രശ്നങ്ങൾ സങ്കീർണമാണ്. ആശയങ്ങളും വിവരങ്ങളും സ്വതന്ത്രമായി കൈമാറാൻ കഴിയുന്നില്ലെങ്കിൽ, നമ്മൾക്കെല്ലാവർക്കും സാധ്യമായ പരിഹാരങ്ങൾ നഷ്ടപ്പെടും. അതിനാൽ മനുഷ്യന്റെ അടിസ്ഥാനപരമായ അവകാശങ്ങളിലൊന്നായി ഇതിനെ കണക്കാക്കാം. ജനാധിപത്യത്തിന്റെ ജീവരക്തവുമാണ് ഇത്. കാൾമാർക്സ് ഇങ്ങനെ പറയുന്നുണ്ട് , ഒരാൾ സ്വാതന്ത്രനാകുന്നത് എപ്പോഴാണ്? "ഒരാൾ രാവിലെ ഷേക്സ്പിയർ വായിക്കുകയും പിന്നെ മീൻ പിടിക്കാൻ പോവുകയും ഉച്ചയ്ക്കു തത്വചിന്തയിലേർപ്പെടുകയും വൈകിട്ട് ഗുസ്തി പിടിക്കുകയും രാത്രി ബീഥോവൻ കേൾക്കുമ്പോഴാണ് ഒരാൾ സ്വാതന്ത്ര്യനാകുന്നത് ". മാനുഷികമായ സാധ്യതകളുടെ എല്ലാ തലങ്ങളിലും ജീവിക്കാൻ ഒരാൾക്ക് സാധിക്കുന്നതാണ് സ്വാതന്ത്ര്യം. അല്ലാതെ ക്രമപ്പെട്ട ഒരു വ്യവസ്ഥയ്ക്കുള്ളിൽ ഒരേ



“എമ്പുരാൻ “ എന്ന മലയാള ചിത്രത്തിൽ ഗുജറാത്ത് കലാപത്തെപറ്റി പരാമർശിച്ചപ്പോൾ അത് വീണ്ടും റീ - സെൻസറിങ്ങിന് വിധേയമാവുകയും ചില ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്തു. ഒരെഴുത്തുകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തിന് അസഹിഷ്ണുത കാണിക്കുന്നത് ഇനിയും വരുന്ന കലാസൃഷ്ടികളുടെ മൂല്യത്തെ ചോദ്യം ചെയ്യുകയാണ്.

പടവിൽ ഒരേ ആവർത്തിയിൽ ജീവിച്ചിരുന്നുകൊണ്ടിരിക്കുന്നത് മനുഷ്യാവസ്ഥയുടെ അന്യവൽക്കരണമാണ്. ആധുനിക ലോകം മനുഷികമായ സാധ്യതകളെ സകലീകരിക്കുകയാണ് ചെയ്തത്. അതിലുൾതിരിഞ്ഞുപോയ ആ മനുഷ്യാവസ്ഥയെ വീണ്ടെടുക്കുമ്പോഴാണ് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം സമൂഹത്തിൽ മുഴങ്ങി നിൽക്കുക.



ആവിഷ്കാര സ്വാതന്ത്ര്യം എന്നാൽ നമുക്ക് ഇഷ്ടമുള്ളത് ചെയ്യുക എന്നതാണോ? അല്ല . ഈ സ്വാതന്ത്ര്യം അടിസ്ഥാനപരമാണെങ്കിലും അത് കേവലവുമല്ല. ഇതിനെ വേർതിരിക്കുക അത്യാവശ്യമാണ്. ഏതൊരു പൗരനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക എന്നത് അവന്റെ സ്വാതന്ത്ര്യമാണ്. എന്നാൽ ,ജനങ്ങളെ വേർതിരിപ്പിക്കുന്ന തരത്തിലുള്ള പ്രസംഗങ്ങൾ, മതസ്പർദ്ധ വളർത്തുക വിദ്വേഷ പ്രചരണങ്ങൾ ഇവയെല്ലാം സമൂഹത്തിൽ നിന്നും വിലക്കപ്പെടേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ളവയെ പാടെ നിരോധിക്കുമ്പോൾ ചിലരെങ്കിലും കരുതും അവിടെ വ്യക്തി സ്വാതന്ത്ര്യം ഇല്ല എന്ന്. നമുക്ക് സ്വീകാര്യമല്ലാത്ത നമുക്ക് വിയോജിപ്പുള്ള പല കലാ സൃഷ്ടികളേയും അതേ മാധ്യമത്തിലൂടെയോ അല്ലെങ്കിൽ വിമർശനാത്മകമായി അതിനെ നേരിടുകയാണ് വേണ്ടത്.

ഈയടുത്ത കാലത്ത് മലയാള സിനിമ മേഖലയിലടക്കം ആവിഷ്കാര സ്വാതന്ത്ര്യത്തിന് ക്ഷതമേൽക്കുന്ന പ്രവണതകൾ ഉണ്ടായി. എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിന് കത്രിക വയ്ക്കുന്ന അനീതി ലോകമെമ്പാടും വലിയ ചർച്ചകൾക്കാണ് വഴിവെട്ടിയിരിക്കുന്നത്. “എമ്പുരാൻ “ എന്ന മലയാള ചിത്രത്തിൽ ഗുജറാത്ത് കലാപത്തെപറ്റി പരാമർശിച്ചപ്പോൾ അത് വീണ്ടും റീ - സെൻസറിങ്ങിന് വിധേയമാവുകയും ചില ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്തു. ഒരെഴുത്തുകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തിന് അസഹിഷ്ണുത കാണിക്കുന്നത് ഇനിയും വരുന്ന കലാസൃഷ്ടികളുടെ മൂല്യത്തെ ചോദ്യം ചെയ്യുകയാണ്. സത്യങ്ങൾ സമൂഹത്തിന്റെ മുഖധാരയിൽ എത്തിക്കാൻ എഴുത്തുകാരനെ നിർബന്ധിതനാക്കുന്ന ഈ സാമൂഹിക ചുറ്റുപാടുകളെയല്ലേ നാം ചോദ്യം ചെയ്യേണ്ടത്? തീർച്ചയായും അതിനെയാണ് ചോദ്യം ചെയ്യേണ്ടത്. ഇത് കേവലം ഒരുദാഹരണം മാത്രമാണ് .നിരവധി പ്രവണതകൾ ആവിഷ്കാര സ്വാതന്ത്ര്യം ഹനിക്കുന്ന തരത്തിലുള്ളവ നമ്മുടെ സമൂഹത്തിൽ കൊടികുത്തി വാഴുന്നുണ്ട് .പെരുമാൾ മുരുകൻ തന്റെ കൃതിയിൽ പ്രതിപാദിച്ച ആശയങ്ങൾക്കായുള്ള ജന വിമുഖതയാൽ ഏറെക്കാലം എഴുത്തുതന്നെ നിർത്തി . ഗൗരി ലങ്കേഷ് തന്റെ മാധ്യമ ചിന്തകൾക്കായി ജീവൻ കൊടുത്തു. ഇങ്ങനെ നിരവധി സംഭവങ്ങൾ ലോകത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്നു. ഇവയുടെ പശ്ചാത്തലത്തിൽ ആവിഷ്കാരസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടത് സമൂഹത്തിന്റെ ആവശ്യകതയാണ്. കലാകാരൻ ഒരു വാക്കെഴുതി , പക്ഷേ സമൂഹം അതിന് കത്തിയിടും, ചിന്തകനൊരു സംശയവും ഉന്നയിച്ചു, പക്ഷേ, അവനെ ദേശവിരുദ്ധനായി മുദ്രവെക്കും. സംവേദന വികസിതമായ ഒരു സമൂഹത്തിന് ഇത് യോജിച്ചതല്ല.

അതിനാൽ തന്നെ സ്വാതന്ത്ര്യത്തിന് തുല്യമായത് ഉത്തരവാദിത്വമാണ്. മറ്റുള്ളവരുടെ ആത്മാഭിമാനവും മതഭാവനകളുമെല്ലാം ആദരിക്കപ്പെടേണ്ടതാണ്. അതിനൊപ്പം ഭീതിയെ മറികടന്ന് സത്യം തുറന്നു പറയാനുള്ള ധൈര്യവും നമുക്ക് ആവശ്യമുണ്ട്. വിചാരങ്ങൾ പ്രതിരോധിക്കുമ്പോഴാണ് ചിന്തകളെ വിശകലനം ചെയ്യാനാകുന്നത്. സ്വാതന്ത്ര്യത്തിന്റെയും മാന്യതയുടെയും സുതാര്യമായ ഒത്തുചേരലാണ് സമൂഹത്തിന് പ്രയോജനകരം.

നാം യുവജനങ്ങൾ , ഈ സ്വാതന്ത്ര്യത്തെ ബോധപൂർവ്വം ഉപയോഗിക്കുകയാണ് വേണ്ടത്. സത്യം കുരിശിൽ ഏറ്റപ്പെട്ടാലും സത്യസന്ധത നഷ്ടപ്പെടാതെ നിലകൊള്ളുക എന്നത് നമ്മുടെ ചിന്താധിഷ്ഠിത ഉത്തരമാകണം. ഇത് ഒരു സംസ്കാരമാകണം. സ്വാതന്ത്ര്യം പിറന്നിട്ടില്ല എങ്കിൽ പുതുമകളെ കാണാനാവില്ല. വിലക്കുകൾ മാത്രം വളർന്നുവരികയാണെങ്കിൽ വിദ്യയെ കടൽപ്പാളയമാക്കുന്ന കാലം വിദൂരമല്ല.അതിനാൽത്തന്നെ ഇത് നമ്മുടെ ഉത്തരവാദിത്വമാണ് , നമ്മുടെ പൗരധർമ്മമാണ്.



യൂണിയൻ റൂം

ഒരു ചെറിയ
കോണിക്കൂടാണ്.
പറയാൻ മാത്രം
സങ്കൽപ്പിക്കാനുള്ളതൊന്നും
ഇല്ല.പക്ഷെ വിദ്യാർത്ഥികൾ
ഏറെ ആശ്രയിക്കുന്ന
ഒന്നാണ് യൂണിയൻ
റൂം.പല വിപ്ലവങ്ങളും
പല പ്രണയങ്ങളും
പല സൗഹൃദങ്ങൾ
പൂവണിഞ്ഞതും യൂണിയൻ

ചാത്തൻസ്

കെമിസ്ട്രി ലാബിനോട്
ചേർന്ന് കിടക്കുന്ന കെട്ടിടം.
ഇന്ന് അങ്ങോട്ട് പ്രവേശനം
ഇല്ല.പഴയൊരു യൂണിയൻ
റൂമാണെന്നാണ് കേട്ടിട്ടുള്ളത്.
ഏതോ കാലത്ത് ആരോ ആ
കെട്ടിടത്തെ ചാത്തൻസ് എന്ന്
വിളിച്ചു.പിന്നീടങ്ങോട്ട് ആ
കെട്ടിടം ചാത്തൻസ് എന്ന
പേരിൽ അറിയപ്പെട്ടു. പലരും
കോളേജിൽ പഠിച്ചതിന്റെ
ഓർമ്മക്ക് പേര് എഴുതി
വെക്കുന്ന സ്ഥലം.



MALABAR
EDU TRUST



International Diploma in Office & Travel Administration

We Provide 50% Scholarship and 100% Placement Assistance in Domestic and Foreign Sectors



Admission Open

MBBS, BDS, BAMS, BHMS, BSC NURSING
POST BSC NURSING, ENGINEERING
PHARMACY DEGREE, MBA, BBA
BCA, JOURNALISM, B.ARCH
BHM, B.COM



German Language Training (A1–B2) – Online & Offline

Ausbildung Courses in Germany



Study MBBS Abroad

ARMENIA UZBEKISTAN GEORGIA +25 MORE

+91 8891804778 malabar_edu_trust Manjeri

ഫ്രാൻസിസ് മാർപാപ്പ: വിശ്വാസത്തിന്റെ മാനവിക മുഖം

അഭിനവ്കൃഷ്ണ. കെ. വി (3rd BSC Physics)



മനുഷ്യചിന്തകളുടെ വളർച്ചാഘട്ടങ്ങളിൽ ആഴത്തിൽ പെയ്തിറങ്ങുന്ന ഒരു മൂല്യമാണ് മാനവികത. മാനവികതയുടെ മുഖമായി മാറിയ അനവധി നിരവധി വ്യക്തികൾ ലോകമെമ്പാടും ഉണ്ട്. മതത്തിന്റെ ബലിഷ്ഠമായ ചട്ടക്കൂടുകളിൽ നിറഞ്ഞുനിൽക്കാതെ മാനവികത ലോകത്തിനു മുമ്പാകെ തുറന്നുകാട്ടിയ ഫ്രാൻസിസ് മാർപാപ്പ ആധുനിക മുന്നേറ്റത്തിന്റെ ശബ്ദമായിരുന്നു. ഒരു മതത്തിന്റെ മുഖമുദ്രയായി മാത്രമല്ല, മറിച്ച് മതത്തിന്റെ കയ്യൊപ്പിൽ മാനവികതയുടെ മുഖമുദ്ര കാത്തു സൂക്ഷിച്ച ആത്മഗാഥ കൂടിയാണ് മാർപാപ്പയുടേത്. മതത്തിന്റെ അതിരുകൾ കവിഞ്ഞ് മനുഷ്യത്വത്തിനായി നിലകൊള്ളുന്ന ,സമകാലിക ലോകത്തിന് മാതൃകയായ ഒരു വ്യക്തിയാണ് മാർപാപ്പ.

2013 മാർച്ചിൽ ജോർജ് മരിയോ ബെർഗോളിയോ ആദ്യമായി 'ഫ്രാൻസിസ് ' എന്ന പേര് സ്വീകരിച്ചു.പദവിയുടെ ആഹ്ലാദത്തിലല്ല ദൗത്യത്തിന്റെ ഗൗരവത്തിലായിരുന്നു ശ്രദ്ധ ചെലുത്തിയിരുന്നത്. ഒരു സഭയുടെ തലവനായി മാത്രമല്ല മാനവികതയുടെ ദ്വീപുകളിലേക്ക് വിശ്വാസത്തിന്റെ മറ്റൊരു വേരായി മാറി. 'മതം ചട്ടങ്ങളല്ല , മനുഷ്യർക്കുള്ള കരുണയാകണം' എന്ന ചിന്തയിൽ അദ്ദേഹം ഉറച്ചുനിന്നു. ലോകത്തിന്റെ നന്മയിലേക്ക് പ്രകാശം ചൊരിയാൻ അദ്ദേഹം ഏറെ ശ്രദ്ധിച്ചു. മനുഷ്യത്വം മതങ്ങൾക്കുമപ്പുറമാണ് എന്ന ചിന്താഗതിയാണ് ഈ ലോകത്തിനൊട്ടാകെ അദ്ദേഹം പകർന്നിട്ടുള്ളത്.

മതത്തിന്റെ പേരിൽ മനുഷ്യർ തമ്മിൽ ഭിന്നതകൾ പടർത്താൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ മതസൗഹാർദ്ദത്തോടെ ജീവിക്കാനുള്ള ദാർശനികത അദ്ദേഹം ചൂണ്ടിക്കാട്ടി. സഭ ദരിദ്രർക്കൊപ്പം ഇരിക്കണമെന്നും അവരുമായി നിലകൊള്ളണമെന്നും "ദരിദ്രരുടെ സഭ" എന്ന ആശയവും മുന്നോട്ടുവെച്ചു .ഇങ്ങനെ നമ്മൾ അഭിമുഖീകരിക്കുന്ന നിത്യ ജീവിത പ്രശ്നങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത, കുടിവെള്ള പ്രശ്നം, പൗരാവകാശക്കേടുകൾ തുടങ്ങി നിരവധി പ്രശ്നങ്ങളിൽ അദ്ദേഹം



പ്രതിജ്ഞാബദ്ധനായി ശബ്ദം ഉയർത്തുകയും ആശ്വാസം പകരുകയും ചെയ്തു. ഇതിൽ നിന്നും നമുക്ക് വായിച്ചെടുക്കാം മാർപാപ്പയുടെ ധർമ്മം മതനവീകരണമോ മതപുരോഗതിയോ അല്ല മനുഷ്യത്വമാണെന്ന്. പരിസ്ഥിതി സംരക്ഷണം ആത്മീയ ഉത്തരവാദിത്വമായി അദ്ദേഹം കണക്കാക്കി "ലൗദാതോ സീ" - പ്രകൃതിയെ ദൈവീക അനുഭവമായി വിലയിരുത്തുന്ന അദ്ദേഹത്തിൻറെ സന്ദേശം മതചിന്തകളുടെ പരിധിയിൽനിന്ന് വേറിട്ടുനിന്നു. വായുവും മണ്ണും ജലവും മനുഷ്യന്റെ ഉടമസ്ഥതയിലല്ല, മറിച്ച് അവൻ ഉത്തരവാദിയായ ഭൂതങ്ങളാണ്. ഇതൊരു ആത്മീയ നവോത്ഥാനത്തിന്റെ തുടക്കമായി കണക്കാക്കുകയും ചെയ്യാം.

മതസൗഹാർദ്ദത്തിനും വിശ്വാസങ്ങൾക്കും അപ്പുറമുള്ള സ്നേഹത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം കർമ്മനിരതനായി. മുസ്ലിം ,ജൂത, ഹിന്ദു,ബുദ്ധ നേതാക്കളുമായുള്ള ആഴമേറിയ സൗഹൃദങ്ങൾ, സഹപ്രവർത്തനങ്ങൾ, കൂടിയാലോചനകൾ - മതങ്ങൾ തമ്മിലുള്ള സമവായത്തിനുള്ള വാതിലുകൾ തുറക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. "പ്രാർത്ഥനയില്ലാത്ത ദയയും ദയയില്ലാത്ത പ്രാർത്ഥനയും പരാജയമാകുന്നു" എന്ന് പറഞ്ഞപ്പോൾ മനുഷ്യന്റെ ആത്മീയതയും ഭൗതിക ജീവിതവും തമ്മിലുള്ള ദ്വന്ദ്വത്തെ ഒത്തുച്ചേർത്തു. സമകാലിക പ്രസക്തമായ ഒട്ടനവധി വിഷയങ്ങളിൽ ഗർഭചഛിദ്രം, ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ,സ്ത്രീപക്ഷ ശബ്ദം കുടിയേറ്റക്കാർ ,തൊഴിലില്ലായ്മ - എല്ലാ വിഷയങ്ങളിലും നിർഭയമായി സഹാനുഭൂതിയുടെ നിലപാടെടുത്തു.ഈ ആകർഷണ ശക്തിയുള്ള മാനവികമായ സമീപനം അദ്ദേഹത്തെ "ആധുനികതയുടെ മാർപാപ്പ" എന്നറിയാൻ ഇടയാക്കി. യുവാക്കളോടുള്ള അദ്ദേഹത്തിന്റെ സമീപനം പ്രതീക്ഷയർപ്പിക്കുന്നതാണ്. "നിങ്ങൾ ഭാവിയുടെ പ്രതീക്ഷകൾ മാത്രമല്ല, ഇന്നിന്റെ ശക്തികളുമാണ് " എന്ന് അദ്ദേഹം പറയുന്നു . യുവജനങ്ങൾ സമൂഹം മാറുന്നതിനും മനുഷ്യവാദം വിജയിക്കുന്നതിനും നിർണായകമാവുമാണെന്നതിനെ ശക്തമായി ഉന്നയിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പ ഒരു മതനേതാവ് മാത്രമല്ല, മാനവികതയുടെ ദ്യോതകവുമാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ സ്നേഹം, കരുണ, ലാളിത്യം, നീതി എന്നിവ അടങ്ങിയിരിക്കുന്നു. നാം ഏതു മതത്തിലും ഏത് ദേശത്തിലുമാന്നെന്നിരിക്കട്ടെ, മനുഷ്യനെ മനുഷ്യനായി മനസ്സിലാക്കുക, മാനിക്കുക ,സ്നേഹിക്കുക .ഇതാണ് അദ്ദേഹത്തിന് പറയാനുള്ളത്.

"ഫ്രാൻസിസ് മാർപാപ്പ ഒരു മതനേതാവ് മാത്രമല്ല, മാനവികതയുടെ ദ്യോതകവുമാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ സ്നേഹം, കരുണ, ലാളിത്യം, നീതി എന്നിവ അടങ്ങിയിരിക്കുന്നു. നാം ഏതു മതത്തിലും ഏത് ദേശത്തിലുമാന്നെന്നിരിക്കട്ടെ, മനുഷ്യനെ മനുഷ്യനായി മനസ്സിലാക്കുക, മാനിക്കുക ,സ്നേഹിക്കുക .ഇതാണ് അദ്ദേഹത്തിന് പറയാനുള്ളത്.

2025 ഏപ്രിൽ 21ന് അദ്ദേഹം ലോകത്തോട് വിട പറഞ്ഞെങ്കിലും ആശയങ്ങൾ സമൂഹത്തിൽ ധ്വനിച്ചിടും. അദ്ദേഹത്തിന്റെ തൂക്കമേറിയ ശബ്ദം രാഷ്ട്രീയ കച്ചവടങ്ങളിലും ധാർമിക താളച്ചിലുകളിലുമല്ല,മറിച്ച് മനുഷ്യന്റെ കൺവളർച്ചയിലുമാണ്. അദ്ദേഹത്തിൻറെ ജീവിതം പഠിപ്പിക്കുന്നത് മതം ആളുകൾക്കായിരിക്കണം, ആൾക്കാർ മതത്തിനല്ല എന്നാണ് . മതത്തിന് പിന്നിൽ മറഞ്ഞു പോയിരിക്കുന്ന ദയ, സ്നേഹം, പരസ്പര ബോധം എന്നിങ്ങനെയുള്ള ജീവൻ മുറ്റിയ മൂല്യങ്ങൾ മറ്റൊരു തലത്തിലേക്ക് ഉയർത്തി ചിന്തിക്കാൻ നിർബന്ധിച്ച ഒരു അധ്യായമാണ് ഫ്രാൻസിസ് മാർപാപ്പ. മതത്തിന്റെയും മനുഷ്യത്വത്തിന്റെയും പരിണാമഗതിയിലുള്ള മാനവികമായ ജാഗ്രതയുടെ നിദർശനമാണ് ഫ്രാൻസിസ് മാർപാപ്പ.

ഗ്രൗണ്ട്

കോളേജിലെ മൊത്തം
വിദ്യാർത്ഥികളും കാണാതെ
പോകുന്ന കോളേജിന്റെ ഒരു
സ്ഥലമാണ് കോളേജ് ഗ്രൗണ്ട്.
കോളേജിൽ നിന്നും ഒന്നര/
രണ്ട് കിലോമീറ്റർ ദൂരം ഉണ്ട്
ഗ്രൗണ്ടിലേക്ക്.മിക്കവാറും
സ്പോർട്സ് വിദ്യാർത്ഥികൾ
മാത്രമേ കണ്ടിട്ടുണ്ടാവുകയുള്ളൂ.
നല്ല വലിപ്പമുള്ള ചരൽ ഗ്രൗണ്ട്
ആണ് എൻ. എസ്. എസ്
കോളേജ് ഗ്രൗണ്ട്.



സ്റ്റുഡന്റ് ട്രാപ്



കഴിഞ്ഞ NAAC വിസിറ്റിന്റെ സമയത്താണ് ഈ സ്റ്റുഡന്റ് ട്രാപ് ഉണ്ടാക്കിയത്. കുട്ടികൾക്ക് ഇരിക്കാൻ വേണ്ടി ഉണ്ടാക്കിയ തണൽ സ്ഥലം. വൈകുന്നേരങ്ങളിലും മറ്റു സമയങ്ങളിലും കുട്ടികൾക്ക് അവരുടെ ഇടവേളകളെ ആനന്ദകരമാക്കാൻ വന്നിരിക്കുന്ന സ്ഥലം. കോളേജിലെ ചെറിയ പരിപാടികളെല്ലാം നടക്കുന്നത് ഇവിടെയാണ്. കൂടാതെ ഇവിടെ നിന്നാൽ മഞ്ചേരിയിലെ ഒരു വ്യൂ പോയിന്റായ DBA വ്യക്തമായി കാണാം.

നാലുകെട്ട്

എൻ. എസ്. എസ് കോളേജിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സവിശേഷതയാണ് നാലുകെട്ട്. ക്യാമ്പസില്ലാ എന്ന കുട്ടികളുടെ പരിഭവം തീർക്കുന്നതിന് നാലുകെട്ട് രണ്ടു വട്ടം ചുറ്റുക എന്നതാണ് പോംവഴി. എല്ലാ പ്രധാന പരിപാടികളും നടക്കുന്ന മെയിൻ സ്റ്റേജ് ഇതിൽപ്പെടുന്നു.



ചിരിയെ മറന്ന ചുണ്ടുകൾ



“പത്തു രൂപാ. ഒരു ബലൂൺ പത്തു രൂപ.”

പകലന്തിയോളം ഇതുതന്നെ ആവർത്തിച്ചു പറഞ്ഞ് അവളുടെ ശബ്ദം ദുർബലമായിരുന്നു. ജീവിതത്തിന്റെ ഭയാനകവും ഭീകരവുമായ മുഖം അവൾക്കു മുന്നിൽ വളരേ ചെറുപ്പത്തിൽ വെളിപ്പെട്ടതിനാലാവാം അവളുടെ സംസാരവും പെരുമാറ്റവും മുതിർന്ന ഒരുവളുടേതു പോലെ ഗൗരവമേറിയതായിരുന്നു.

“ഒരു ബലൂൺ പത്തു രൂപാ “

അവൾ ആവർത്തിച്ചു. അവളുടെ അലറിവിളികളിലേക്കു തിരിഞ്ഞുനോക്കാൻ പോലും പറ്റാത്ത അത്രയും തിരക്കുകളിലകപ്പെട്ടു കഴിഞ്ഞിരുന്നു ഓരോ മനുഷ്യരും. പ്രതീക്ഷയോടെ അവൾ തന്നെ കടന്നുപോവുന്ന ഓരോ മുഖങ്ങളിലേക്കും നോക്കി. ഇല്ല, അവളുടെ സാമീപ്യം അവരുടെ ലോകത്തേക്കു മാത്രം ഒതുങ്ങിക്കൂടുന്നതിൽനിന്നും ആ മനുഷ്യരെ പിന്തിരിപ്പിച്ചില്ല.

അവൾ തന്റെ കൈകളിൽ പിടിച്ച ബലൂണുകളിലേക്കു നോക്കി. ഇനിയും നാലെണ്ണം ബാക്കിയുണ്ട്. പച്ചയും മഞ്ഞയും നീലയും ചുവപ്പും നിറങ്ങളിൽ വീർത്തു പൊട്ടാറായ ബലൂണുകൾ.

“ഇത് മുഴുവൻ വിറ്റു തീർക്കാതെ നിന്നെ ഈ വീടിന്റെ പടി കടക്കാൻ ഞാൻ സമ്മതിക്കൂല.”

ബാബയുടെ ശബ്ദം അവളുടെ കാതുകളിൽ മുഴങ്ങിക്കേട്ടു. അവളുടെ കുഞ്ഞിക്കണ്ണുകളിൽ അകാരണമായി പേടി നിറഞ്ഞു.

എണ്ണമയമില്ലാത്ത തലമുടി നീല റിബ്ബൺ കൊണ്ടു അവൾ കെട്ടിയിട്ടുണ്ട്. പിഞ്ഞിക്കീറിത്തുടങ്ങിയ കുപ്പായം നിറം മങ്ങി നരച്ചതായിരുന്നു. എല്ലുകൾ ഉന്തിനിൽക്കുന്ന ശരീരം ഒരു അസ്ഥികൂടത്തെ സ്മരിപ്പിക്കും വിധമായി തീർന്നിരുന്നു. കൈകളിൽ പല നിറത്തിലുള്ള കുപ്പിവളകൾ. ജീവിതത്തിന്റെ കയ്പ്പുനീര് ഏറെക്കാലമായി കുടിക്കുന്നതുകൊണ്ടാവാം അവളുടെ ചുണ്ടുകൾ പുഞ്ചിരിയെന്തെന്നു മറന്നുപോയിരുന്നു.

അവൾ മണലിൽ ഇരുന്നുകൊണ്ട് അസ്തമയ സൂര്യനെ നോക്കി. ജ്വലിച്ചുനിന്നിരുന്ന സൂര്യൻ കടലിലേക്കു മറഞ്ഞുതുടങ്ങി. സൂര്യന്റെ ചുവപ്പു രാശിയിൽ കടലലകൾ തിളങ്ങി. ചുവന്ന വെട്ടം

അന്തരീക്ഷത്തിലാകെ പടർന്നു പിടിച്ചു. കാലുകളെ പുൽകി തിരകൾ കടന്നുപോവുമ്പോൾ അവൾ തീരത്തു വന്നടിഞ്ഞ ശംഖുകളും കടൽ ജീവികളുടെ തോടുകളും പെറുക്കിയെടുക്കുന്ന തിരക്കിലായിരുന്നു.

അവളുടെ പ്രായത്തിലുള്ള കുട്ടികൾ ആ കടൽക്കരയിലൂടെ ഓടിക്കളിച്ചു. മാതാപിതാക്കളുടെ കൂടെ, സഹോദരങ്ങളുടെ കൂടെ ആ നിമിഷങ്ങൾ അവർ ഏറെ ആസ്വദിക്കുന്നുണ്ട്. അവരുടെ ആഹ്ലാദം നിറഞ്ഞ പൊട്ടിച്ചിരികൾ അവളുടെ ഹൃദയത്തിലേക്കാണു തുളച്ചുകയറിയത്. നഷ്ടങ്ങളുടെ നോവ് അവളുടെയുള്ളിൽ നിറഞ്ഞു. അനുഭവിക്കാനിടയില്ലാത്ത സ്നേഹവാത്സല്യങ്ങളും കരുതലും അവളുടെ ഹൃദയത്തെ ഉടച്ചുകളഞ്ഞു. അവളുടെ കണ്ണുകളിൽ നിന്നു നീർമുത്തുകൾ അടർന്നു വീണു.

അവൾ ഏറെ സമയം പാഴാക്കാതെ എഴുന്നേറ്റു നടന്നു. സൂര്യന്റെ പ്രണയശരങ്ങളേറ്റുവാങ്ങി ചുവന്നുതുടുത്തിരുന്ന ആകാശം അന്ധകാരത്തിലാണ്ടു. പറവകൾ കൂടുതേടി യാത്ര തുടങ്ങി. മനുഷ്യരും.

ഇനിയും ബലൂണുകൾ വിറ്റുതീർന്നിട്ടില്ല. അവൾ ഓർത്തു. പൊടുന്നനെ ബാബയുടെ വിറയ്ക്കുന്ന കൊമ്പൻമീശയും ചൂരലും തന്നിലേക്കു വന്നു ഭവിച്ച അടിയുടെ പാടുകളും അവളുടെ മനസ്സിൽ നിറഞ്ഞു. ഓർക്കണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടു കൂടി ബാബ അടുത്തുവരുമ്പോൾ വമിക്കുന്ന മദ്യത്തിന്റെ രൂക്ഷമായ ദുർഗന്ധം അവൾക്കു മൂക്കിൻതുമ്പിൽ അനുഭവപ്പെട്ടു.

തിരകൾ അവളുടെ മനസ്സുപോലെ കലുഷിതമായി. അവളെ വിഴുങ്ങാനെന്നവണ്ണം ഭീമാകാരമായ തിരകൾ ആഞ്ഞടിച്ചു. അവയൊക്കെ പാറകളിൽ തട്ടി മുത്തുകളായി ചിതറി. നിലാവിന്റെ അരണ്ട വെട്ടം അവൾക്കു വീട്ടിലേക്കുള്ള വഴി പറഞ്ഞുകൊടുത്തു. വീട് അടുക്കുംതോറും കടലിരമ്പൽ നേർത്തു നേർത്ത് ഇല്ലാതായി.

ഓല മേഞ്ഞ്, ഏതു നേരത്തും ഇടിഞ്ഞുപൊളിഞ്ഞു വീഴാമെന്ന മട്ടിൽ നിൽക്കുന്ന വീട്. മുറ്റത്ത് ഒരു റോസാച്ചെടി. അവളെപ്പോലെ മനോഹരമായത്. ഓരോ മഴക്കാലത്തും ആ വീടു ചോർന്നൊലിക്കുമ്പോൾ അവൾ വീട്ടിലുള്ള പാത്രങ്ങളെല്ലാം കയ്യിലെടുത്തു നെട്ടോട്ടത്തിൽ ആയിരിക്കും.

വീട്ടിലേക്ക് കയറുമ്പോൾ അവളുടെ കുഞ്ഞുഹൃദയം അകാരണമായി മിടിച്ചു. പുറത്തുനിന്നു തന്നെ കേൾക്കാം അമ്മയുടെയും ബാബയുടെയും വഴക്ക്. ബാബ പാത്രങ്ങൾ എറിഞ്ഞുടയ്ക്കുന്നതിന്റെ ശബ്ദം കേൾക്കാം.

“എവിടെപ്പോയിരുന്നെടീ ഇത്രേം നേരം?” ബാബയുടെ അലർച്ചയായിരുന്നു അവളെ വരവേറ്റത്. അവൾ വിറങ്ങലിച്ചുപോയി. ഓടിച്ചെന്ന് അമ്മയെ പറ്റിച്ചേർന്നു നിന്നു. അമ്മക്കിളി തന്റെ കുഞ്ഞിനെ സംരക്ഷിക്കുന്നതു പോലെ അവളെ അമ്മ

ഇനിയും ബലൂണുകൾ വിറ്റുതീർന്നിട്ടില്ല. അവൾ ഓർത്തു. പൊടുന്നനെ ബാബയുടെ വിറയ്ക്കുന്ന കൊമ്പൻമീശയും ചൂരലും തന്നിലേക്കു വന്നു ഭവിച്ച അടിയുടെ പാടുകളും അവളുടെ മനസ്സിൽ നിറഞ്ഞു. ഓർക്കണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടു കൂടി ബാബ അടുത്തുവരുമ്പോൾ വമിക്കുന്ന മദ്യത്തിന്റെ രൂക്ഷമായ ദുർഗന്ധം അവൾക്കു മൂക്കിൻതുമ്പിൽ അനുഭവപ്പെട്ടു.

മാറോടണക്കി ചേർത്തു നിർത്തി.
അവരുടെ വഴക്കു മുറുകി. ചീത്തവിളികളിലേക്കും തല്ലുകളിലേക്കും അതു നീണ്ടു. അമ്മയുടെ കവിളിൽ ബാബയുടെ വിരൽപാടുകൾ ഒട്ടിപ്പിടിച്ചിരിക്കുന്നത് അവൾക്കു നോക്കിനിൽക്കേണ്ടി വന്നു.

ദേഷ്യം തീർന്നുവെന്ന അവസ്ഥയായപ്പോൾ അവൾ സൂക്ഷിച്ചുവച്ചിരുന്ന ചില്ലറത്തുട്ടുകളും നോട്ടുകളും എടുത്ത് അയാൾ വീണ്ടും മദ്യത്തിനായി അലഞ്ഞു തുടങ്ങി.
അമ്മയുടെ മടിയിൽ അവൾ തല ചായ്ച്ചിരുന്നു. അവരുടെ ഏങ്ങലുകൾ ഉച്ചത്തിൽ ശബ്ദിച്ചു.

നീണ്ട നേരത്തെ കരച്ചിലിനൊടുവിൽ അവൾ മയങ്ങി. ചായക്കൂട്ടുകൾ തട്ടിമറിഞ്ഞതുപോലെ മനോഹരമായ ലോകത്ത് അവൾ എത്തിച്ചേർന്നു. പല വർണങ്ങളിലുള്ള ബലൂണുകൾ അവളുടെ ചുറ്റും നദിപോലെ ഒഴുകി. അവൾ മഴവില്ലുപോലെ മനോഹരിയായി മാറി. പുഞ്ചിരിച്ചുകൊണ്ട് അവൾ കടലിനടുത്തേക്ക് ഓടിയടുത്തു. തിരകളോട് ഉല്ലസിച്ചിരിക്കുമ്പോൾ അവൾ തന്റെ അവസാനശ്വാസമെടുത്തു.

വെറുമൊരു മനുഷ്യൻ..



നട്ടുച്ചവെയിൽ അവനെ ചുട്ടുപൊള്ളിച്ച് അസ്വസ്ഥനാക്കി. അവൻ ടാറിട്ട റോഡരികിൽനിന്നും കുളിർത്ത മരത്തണലിലേക്കു കൂടുമാറി. അവൻ അവിടെ മുഷിഞ്ഞു കീറിയ തുണിയിൽ കളിപ്പാട്ടങ്ങളും കുഞ്ഞുകാറ്റാടികളും നിരത്തി വച്ചു. മരത്തിന്റെ ചില്ലകളിൽനിന്നും ചിതറിപ്പോവുന്ന പക്ഷികളുടെ ചിലപ്പ് അവന്റെ കാതുകൾക്കു സംഗീതമായി. ആ നിമിഷം അവൻ തന്റെ വീടിനെക്കുറിച്ചോർത്തു.

മുറ്റത്തു സ്ഥിരമായി രാവിലെ എത്തിച്ചേരുന്ന വായാടിക്കുരുവികളെയും നീളൻ വാലുള്ള പക്ഷിയെയും അവയ്ക്കു ദാഹജലം നൽകാനായി മരച്ചില്ലയിൽ തൂക്കിയിട്ടിരുന്ന പഴകിയ വക്കുപൊട്ടിയ ചട്ടിയെയും അവൻ ഓർത്തു. ആഗ്രഹമില്ലെങ്കിലും വീടു നിന്നയിടത്തെ മൺകൂനയും കെട്ടിടാവശിഷ്ടങ്ങളും കിളികൾ പാർത്തിരുന്ന മരത്തിന്റെ സ്ഥാനത്തെ ശൂന്യതയും മനസ്സിൽ നിറഞ്ഞ് അവനെ കുത്തിനോവിച്ചു.

പലവിധം ആളുകൾ അവന്റെ മുന്നിലൂടെ നടന്നു പോകുമ്പോൾ, അവൻ തന്റെ മുന്നിലെ കളിപ്പാട്ടങ്ങൾ അവർക്ക് കാണാനായി ഒരുക്കിവയ്ക്കും. ഗൗരവമണിഞ്ഞ ആൾക്കാരുടെയുള്ളിൽ ഒളിച്ചുകളിക്കുകയും ഒറ്റപ്പെടുകയും ചെയ്യുന്ന കുട്ടികളെ അവ ആകർഷിക്കുമെന്ന് അവൻ വെറുതെയെങ്കിലും പ്രതീക്ഷിച്ചു. നടന്നുപോവുമ്പോൾ വഴിനീളെ തെറിച്ചുനിൽക്കുന്ന വർണങ്ങളിലേക്കും കൈകൊട്ടി പാട്ടുപാടുന്ന പാവകളിലേക്കും നീങ്ങുന്ന കുഞ്ഞുകണ്ണുകളെ ചിലർ പേടിപ്പിച്ച് അടക്കിനിർത്തി.

അവന് കഠിനമായ വിശപ്പുണ്ടായിരുന്നുവെങ്കിലും കൈയിൽ ആവശ്യത്തിനു പണമുണ്ടായിരുന്നില്ല. തനിക്കു മുന്നിലുള്ള ഹോട്ടലിൽനിന്നും ഒഴുകിയെത്തുന്ന ഉച്ചഭക്ഷണത്തിന്റെ ഗന്ധം അവന്റെ വിശപ്പിനെ ഇരട്ടിപ്പിച്ചു. തുടർച്ചയായ രണ്ടാമത്തെ ദിവസമായിരുന്നു അവൻ അടുത്തുള്ള പായലു പിടിച്ച പൈപ്പിൽ നിന്നും വെള്ളം കുടിച്ച് വിശപ്പടക്കുന്നത്. വിശപ്പ് താങ്ങാനാവാതെ ആയിരിക്കും തന്റെ മരണമെന്ന് അവൻ ഊഹിച്ചെങ്കിലും അവന്റെ മുന്നിൽ മറ്റു മാർഗങ്ങളൊന്നുമുണ്ടായില്ല.

തന്നെ കടന്നുപോവുന്ന മനുഷ്യരുടെ അവഗണനയും പുച്ഛവും നിറഞ്ഞ നോട്ടങ്ങളിൽ അവനു പുതുമ തോന്നിയില്ല. സഹതാപവും നിസ്സഹായതയും നിറഞ്ഞ നോട്ടങ്ങൾ കൂടെ അവന് ഇതിനിടയിൽ പരിചിതമായിക്കഴിഞ്ഞിരുന്നു. ജീവിതത്തിന്റെയും മനുഷ്യരുടെയും ഏറ്റവും മോശം വശം അവൻ തിരിച്ചറിഞ്ഞത് ഈ നഗരത്തിൽ നിന്നുമാണ്. പുഞ്ചിരിക്കുന്ന മുഖമുള്ള മനുഷ്യരുടെ കയ്പേറിയ വശം അവന് എത്ര ശ്രമിച്ചിട്ടും ഉൾക്കൊള്ളാനാവുമായിരുന്നില്ല.

സൂര്യൻ സ്ഥാനം മാറുകയും നിഴലുകൾക്കു വലിപ്പം കൂടുകയും ചെയ്തിട്ടും അവൻ ഇരുന്നിടത്തുനിന്നും അനങ്ങിയില്ല. കളിപ്പാട്ടങ്ങൾ വിറ്റുതീർക്കുവാനുള്ള അവന്റെ ഓരോ ശ്രമവും വ്യർഥമായി . അവന് അപ്പോഴായിരുന്നു ജീവിതത്തിൽ ആദ്യമായി ഒറ്റയായിത്തോന്നിയത്. ചുറ്റുമുള്ള ചലിക്കുന്ന മനുഷ്യരും ചിത്രത്തിലെന്നതുപോലെ നിശ്ചലവസ്ഥയിൽ ഇരിക്കുന്ന അവനും തമ്മിലുള്ള വ്യത്യാസം ആലോചിച്ച് അവന് മനസ്സു കഴച്ചു.

വിശപ്പ് വീണ്ടും കടുത്തതോടെയാണ് കനത്ത മനസ്സും നിലവിളി കൂട്ടുന്ന വയറും കൂട്ടിപ്പിടിച്ച കളിപ്പാട്ടങ്ങളുമായി അവൻ ഹോട്ടലിലേക്ക് നടന്നത്. നെറ്റി ചുളിച്ചായിരുന്നു അവർ അവനെ വരവേറ്റത്. ഭക്ഷണത്തിനായി ആംഗ്യം കാണിച്ചപ്പോൾ കിട്ടിയത് രോഷം നിറഞ്ഞ നോട്ടവും
“കണ്ട ഭിക്ഷക്കാർക്ക് ഇവിടെ കയറിയിറങ്ങാനൊന്നും പറ്റില്ല”
എന്ന മറുപടിയുമായിരുന്നു. പറഞ്ഞുതീർന്നതും വലിയ ചെമ്പുകളിൽ പാഴായിപ്പോയ ഭക്ഷണം ഹോട്ടലിനു പിറകെ വലിയൊരു കുഴിയിൽ നിക്ഷേപിക്കുന്നത് അവന് ഒരു തമാശയായി തോന്നി.

പറന്നുവന്ന കിളികളുടെ കൂടെ അവനും അഴുകിത്തുടങ്ങിയ ഭക്ഷണം ആർത്തിയോടെ കഴിക്കാനാരംഭിച്ചു. ഹോട്ടൽ ജീവനക്കാരൻ പിടിച്ചുമാറ്റി വഴക്കു പറഞ്ഞതും അവൻ പഴയ മരത്തണലിൽ അഭയം പ്രാപിച്ചു. അവിടെയിരുന്നു കൈയിൽ അവശേഷിച്ചിരുന്ന അവസാന വറ്റും കഴിക്കുന്നതിനിടെ നിയന്ത്രണമില്ലാത്ത ഒരു വണ്ടി അവനുനേരെ പാഞ്ഞുചെന്നു. ഒരു നിമിഷനേരം കൊണ്ടു സംഭവിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്ന് അവന് മനസ്സിലായില്ല.

കണ്ണടയ്ക്കുന്നതിനു മുന്നേ അവൻ തന്റെ നാടു കണ്ടു. അവന്റെ കണ്ണുകളിൽ അമ്മക്കിളിയുടെ ചൂടുപറ്റി ഭക്ഷണം കഴിക്കുന്നതിന്റെ സന്തോഷം തെളിഞ്ഞു. ചില്ലയിൽനിന്നും തെറിച്ചു വീണ കിളിക്കൂട് അവന്റെ കണ്മുന്നിൽ ഒഴുകിയെത്തുന്ന ചോരയ്ക്കു മുന്നേ സ്ഥാനം പിടിച്ചു. ചിലയ്ക്കാത്ത കുഞ്ഞുകിളി ജീവനുവേണ്ടി പിടഞ്ഞു.

सत्य वचन

Mubeena(1st Bsc Zoology)

सुनो ....
सबका पसंद नहीं मिलेगा
फिर भी देखती हूं प्यार पाने को ?
कैसे समझाऊँ कोई नहीं है –हर
एक वक्त में सामने रहने को।
अपनापन होना चाहिए,आपको ही
अपने को सब समझाना है।
अगर नहीं हो सकते तो,वह
ज़रूर सीखना ही पड़ेगा ।
मुश्किल होगा। कठिनाई होगा ।
फिर भी.....
कोई भी नहीं है तुम्हारे लिए ।
अकेला है तुम इस धरती में।
वह कभी नहीं भूलना ।
भूलना मत ...
आगे बढ़ते रहो।



ഫോൺ: 0483 2730992, 2735266 Email: mastcsmpm@gmail.com
മലപ്പുറം എയിഡഡ് സ്കൂൾ ടീച്ചേഴ്സ്
കോ-ഓപ്പറേറ്റീവ്
സൊസൈറ്റി ലിമിറ്റഡ് നമ്പർ എം. 49
(Class I, Super Grade)
ഹെഡ് ഓഫീസ്: ഡൗൺഹിൽ പി.ഒ. മലപ്പുറം 676 519
ഷീന പി
സെക്രട്ടറി
ലളിതമായ വ്യവസ്ഥകൾ... കുറഞ്ഞ പലിശനിരക്ക്...
മുഹമ്മദ് മുസ്തഫ ടി
പ്രസിഡന്റ്

“മൗനം വിലയ്ക്ക് വാങ്ങപ്പെട്ട നാളുകൾ”

നസ്രീന തോപ്പിൽ (3rd Plant Science)

ഞാനും നിങ്ങളും അടങ്ങുന്ന മനുഷ്യർക്ക് എല്ലാം ഒരു പ്രത്യേകതയുണ്ട്,നമ്മൾ എല്ലാവരും ആദ്യമായി ഒരു സംഭവത്തെ കുറിച്ച് കാണുമ്പോൾ അല്ലെങ്കിൽ കേൾക്കുമ്പോൾ വളരെ കൗതുകത്തോടെ അതിനെ നോക്കി കാണും, പിന്നീട് അത് ജീവിതത്തിൽ തുടർച്ചയായി കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ നമുക്ക് ജീവിതത്തിൽ അതൊരു ശീലമായ സംഭവമായി മാറും, പലസ്തീന് പുറത്തുള്ള ഏറെക്കുറെ മനുഷ്യർക്കും ഇപ്പോൾ പലസ്തീനിൽ നിന്നുള്ള ചിത്രങ്ങളും വാർത്തകളും അത്ര ഗൗരവമായി തോന്നുന്നില്ല. ആരുടേയും തെറ്റല്ല, അത് ജീവിതത്തിൽ ശീലമായി മാറി. ഇപ്പോൾ,



കൃത്യമായി പറഞ്ഞാൽ 600 ദിനങ്ങളിലേക്ക് അടുക്കുന്നു ഇസ്രായേൽ നരാധന്മാർ ഗസ്സയുടെ മണ്ണിൽ ഈ ക്രൂരത തുടങ്ങിയിട്ട്, പലസ്തീനിയൻ ആകാശങ്ങൾക്ക് ഇപ്പോൾ ഇരുട്ട് പരിചിതമായിരിക്കുന്നു .

ലോകത്ത് ഇന്നൊരു നരകം ഉണ്ടെങ്കിൽ ഉറക്കം ഇല്ലാത്ത മനുഷ്യർ ഉണ്ടെങ്കിൽ അത് ഗസ്സയും ഗസ്സ നിവാസികളുമാണ്.നമ്മൾ ആരും ഒരിക്കൽ പോലും യുദ്ധത്തിന്റെ രുചി എന്താണെന്ന് അറിഞ്ഞിട്ടില്ല, ചീറി പാഞ്ഞു വരുന്ന മിസൈലുകളെ നേരിടേണ്ടി വന്നിട്ടില്ല അഭ്യയാർത്ഥി ക്യാമ്പുകളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. അതുകൊണ്ട് തന്നെ ഇതെല്ലാം ഒരു വാർത്തയായി മാത്രം നമ്മൾ കണ്ട് സ്വസ്ഥമായി ഉറങ്ങുകയും ഉണരുകയും ചെയ്യുന്നു, വാർത്താ മാധ്യമങ്ങൾക്ക് ഗസ്സയോടുള്ള അനുകമ്പ നഷ്ട്ടപെട്ടു കഴിഞ്ഞു. ദിനംപ്രതി വരുന്ന മരണങ്ങളുടെ എണ്ണം മാത്രം ഒരു കോളത്തിൽ ആക്കി ചുരുക്കി എല്ലാവരും. ലോകം എത്രതന്നെ പുരോഗമിച്ചു എന്ന് പറഞ്ഞാലും എത്ര തന്നെ മനുഷ്യത്വത്തെ കുറിച്ച് സംസാരിച്ചാലും യുദ്ധത്തിനോടുള്ള കൊതി ഇനിയും തീർന്നിട്ടില്ല എന്നുള്ളതാണ് വസ്തുത. വരും തലമുറയെ ഇല്ലാതാക്കാൻ ഓരോ ദിനങ്ങളിലും കുഞ്ഞുങ്ങളെ തിരഞ്ഞു പിടിച്ചു ഇല്ലാതാക്കുന്നു ഭക്ഷണത്തിനു വേണ്ടി കൈനീട്ടുന്ന ആളുകൾക്കിടയിൽ ബോംബും മിസൈലും ഇട്ട് ആനന്ദം കണ്ടെത്തുന്നു. അഭയാർത്ഥി ക്യാമ്പുകളിൽ മാറാരോഗങ്ങൾ പടരുന്നു കുഴിമാടങ്ങളിൽ സ്വന്തം ഉറ്റവരുടെ ശവശരീരം തേടേണ്ട അവസ്ഥ, എല്ലാം ഇന്നിന്റെ ഗസ്സയുടെ നേർകാഴ്ചകളാണ്,ലോകം പലതരത്തിലുള്ള യുദ്ധം കണ്ട് മറന്നതും അനുഭവിച്ചതുമാണ് ജാതി, മതം,രാഷ്ട്രീയം,വംശീയത,വർഗീയത,ഫാസിസം, ഏകാധിപത്യം,

അധികാര കൊതികൾ, ഇങ്ങനെ ഒട്ടനേകം കാരണം മുൻനിർത്തി കഴിഞ്ഞു പോയ യുദ്ധങ്ങൾ.ഇതിൽ നാസിസം എന്ന വിഷത്തിന്റെ ക്രൂരതകൾക്ക് ഇരയായ ഇസ്രായേലി ജൂതന്മാരിൽ ഒരു കൂട്ടർ ആണ് ഈ ഗസ്സയുടെ മേൽ നടത്തുന്ന വേട്ടയാടലുകൾക്ക് നേതൃത്വം നൽകുന്നത് എന്നുള്ളത് മറ്റൊരു ചരിത്രമാണ്.

ഗസ്സയിൽ നിന്നുമുള്ള മാധ്യമപ്രവർത്തകന്റെ കരളലിയിക്കുന്ന കുറിപ്പ് ഇങ്ങനെയായിരുന്നു "റഫയിലെ കത്തിയമരുന്ന ടെന്റിനുള്ളിലേക്ക് ഒരു പിഞ്ചു കുട്ടി പോകുന്നത് ഞാൻ കണ്ടു, നടക്കാൻ കഴിയാതെ ടെന്റിനുള്ളിൽ കുടുങ്ങിയ തന്റെ ഉമ്മയെ രക്ഷിക്കാൻ വേണ്ടിയായിരുന്നു അവൻ അങ്ങോട്ട് പോയത്, എന്നാൽ ശക്തമായ തീ കാരണം ഞങ്ങൾക്ക് അവനെ പിടിച്ചുവെക്കാൻ കഴിഞ്ഞില്ല, അവൻ ഞങ്ങളെല്ലാവരേക്കാളും ധൈര്യമുള്ളവനായിരുന്നു, ഇന്ന് ആ സ്ഥലത്ത് തിരച്ചിൽ നടത്തവെ അവർ രണ്ടുപേരെയും ഞങ്ങൾ കണ്ടു, കെട്ടി പിടിച്ചു കൊണ്ട് കത്തികരിഞ്ഞ നിലയിലായിരുന്നു അവർ.യുദ്ധവും സംഘർഷവും ഇരുരാജ്യങ്ങളിലെയും പഴയ പുതിയ തലമുറകൾക്ക് ഒരുപോലെ പരിചിതമാണ്. 1973ലെ യോം കിപ്പൂർ യുദ്ധമായിരുന്നു ഇസ്രായേലിൽ പൂർണതോതിൽ നടന്ന അവസാന യുദ്ധം. ഗാസ യുദ്ധങ്ങളെന്ന് പാശ്ചാത്യമാധ്യമങ്ങൾ വിശേഷിപ്പിക്കുന്ന ഇസ്രയേൽ ആക്രമണങ്ങളാകട്ടെ ഏകപക്ഷീയവുമായിരുന്നു. എന്നാൽ ഇത്തവണ സ്ഥിതി അങ്ങനെയല്ല. ഒക്ടോബർ 7 ശനിയാഴ്ച ഹമാസ് നടത്തിയ അപ്രതീക്ഷിത ആക്രമണം മേഖലയിലെ 23 ലക്ഷത്തിലധികം ആളുകളെ അനിശ്ചിതത്വത്തിന്റെ കാർമേഘത്താൽ മൂടി, 17 വർഷങ്ങൾക്ക് ശേഷം പലസ്തീനിൽ നിന്നും ഇസ്രായേൽ നേരിട്ട ഏറ്റവും വലിയ തിരിച്ചടിയാണ് നേരിട്ടത്.വലിയ സൈനീക ശക്തിയായ ഇസ്രായേൽ അമേരിക്ക പിന്തുണയോടെ ഗാസ്സയിൽ വൻനഷ്ട്ടം വരുത്താനും യുദ്ധത്തിൽ വിജയിക്കാനും കഴിഞ്ഞേക്കാം.

വിപ്ലവം ഒരു അത്താഴ വിരുന്നല്ല, അല്ലെങ്കിൽ ലളിതമായി

> "ലോകത്ത് ഇന്നൊരു നരകം ഉണ്ടെങ്കിൽ ഉറക്കം ഇല്ലാത്ത മനുഷ്യർ ഉണ്ടെങ്കിൽ അത് ഗസ്സയും ഗസ്സ നിവാസികളുമാണ്,നമ്മൾ ആരും ഒരിക്കൽ പോലും യുദ്ധത്തിന്റെ രുചി എന്താണെന്ന് അറിഞ്ഞിട്ടില്ല.

എഴുതുന്നതോ ഒരു ചിത്രം വരയ്ക്കുന്നതോ എംബ്രോയ്ഡറി ചെയ്യുന്നതോ അല്ല.അതിനാൽ തീർച്ചയായും സൗമ്യമായ മിതശീതോഷ്ണവും ദയയും മര്യാദയും സംയമനവും മാന്യതയും ഉള്ള ഒരു വിപ്ലവം ഒരു കലാപമാണ്. ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ അട്ടിമറിക്കുന്ന അക്രമപ്രവർത്തനം അത് തന്നെയാണ് ഇസ്രായേൽ ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നതും.അഭയാർത്ഥി ആവേണ്ടി വരുക എന്നുള്ളത് ഒട്ടും സുഖമുള്ള കാര്യമല്ല ഐലൻ കുർദ്ധി അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഐലൻ കുർദ്ധിയുടെ ചിത്രങ്ങൾ അന്ന് കണ്ടവരിൽ മനസാക്ഷിയുള്ളവർ ഒരിക്കൽ എങ്കിലും മനസ്സിൽ പറഞ്ഞിട്ടുണ്ടാകും ഇനി ഒരിക്കലും ഇതുപോലെയുള്ള കാഴ്ചകൾ കാണിക്കരുതേയെന്ന്. നമ്മളെല്ലാം എഴുവയസ്സുള്ള മകന്റെ ചേതനയേറ്റ ശരീരവുമായി നിൽക്കുന്ന ഒരാളെ സോഷ്യൽ മീഡിയയിൽ കണ്ടിട്ടുണ്ടാകും. കണ്ടവർക്ക് മനസിന്റെ ഉള്ളിൽ ഒരു നിമിഷമെങ്കിലും വേദനിച്ചിട്ടുണ്ടാകും. ഐലൻ കുർദ്ദിനെ ഓർമ്മവന്നിട്ടുണ്ടാകാം. അൽ ജസീറ പത്രപ്രവർത്തകൻ WAEL AL DAHDOUH ന് ഇസ്രായേലിന്റെ വ്യോമാക്രമണത്തിൽ അദ്ദേഹത്തിന് നഷ്ടമായത് ഭാര്യയെയും 16 വയസ്സുള്ള മകനെയും 7 വയസ്സുള്ള മകളെയും കൂടാതെ ഒരു പേരകുട്ടിയേയുമാണ്.

ഒരു യുദ്ധവും ആരും ജയിക്കുന്നില്ലെന്നും ആത്യന്തികമായി മനുഷ്യനാണ് എല്ലാം നഷ്ടപ്പെടുന്നതെന്നും ഓർമപ്പെടുത്തുന്ന ദൃശ്യങ്ങളാണ് ഫലസ്തീനിൽ നിന്ന് ഇപ്പോഴും വരുന്നത്. മാരക രോഗങ്ങളാൽ നിത്യ രോഗികൾ ആവേണ്ടി വരുന്ന കുട്ടികൾ,പഠിക്കുന്ന സ്കൂളുകൾ പുസ്തകങ്ങൾ ബെഞ്ചുകൾ ഓരോ ബോംബ് വീഴുമ്പോഴും കത്തി ചാമ്പലാകുന്നത് നേരിൽ കാണേണ്ടി വരുന്ന കുട്ടികൾ,ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി നീണ്ട വരി നിന്ന് ഒന്നും കഴിക്കാൻ കിട്ടാതെ ഉറക്കത്തിലേക്ക് വീഴുന്ന കുട്ടികൾ. ഒരുപക്ഷെ പലസ്തീനിലെ ബാല്യങ്ങൾക്ക് മാത്രം പരിചിതം ഉള്ള ഈ കാഴ്ചകളെ നമുക്ക് എങ്ങനെ വിശദീകരിക്കാൻ കഴിയും. കുട്ടികളോട് ഇത്രയും ക്രൂരത കാണിക്കുന്ന ഇസ്രായേൽ സൈന്യം അല്ലാതെ വേറെ ഒരു സൈന്യവും ഈ കാലത്ത് ഉണ്ടാവില്ല. ആയിരത്തിൽ കൂടുതൽ കുട്ടികളെയാണ് ഓരോ വർഷവും ഇവർ പിടികൂടുന്നത് ഈ വർഷം മാത്രം 850 ൽ കൂടുതൽ കുട്ടികളെ കസ്റ്റഡിയിൽ എടുത്തു എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ജയിലിൽ ഉള്ള 327പേരിൽ 147 കുഞ്ഞുങ്ങളെ ഇസ്രായേൽ സൈന്യം കുറ്റം ചുമത്തി ജയിലിൽ ഇട്ടിരിക്കുകയാണ്.ഈ കാര്യത്തിൽ ഏറ്റവും ഭീകരമായ അനുഭവമാണ് "അഹമദ് മനസ്രയുടേത് ". വെറും 13 വയസ്സിലാണ് മനസ്രയേ പട്ടാളം പിടികൂടുന്നത്. വിചാരണ വേളയിൽ മനസ്രി അനുഭവിച്ച കൊടുക്രൂരത ലോകം കണ്ടു. കുറ്റം സമ്മതിപ്പിക്കാൻ ആക്രോശിച്ച ഇസ്രായേലി അഭിഭാഷകന് മുൻപിൽ 13കാരൻ അനുഭവിച്ച മാനസിക ബുദ്ധിമുട്ട് വലുതായിരുന്നു. 12 വർഷത്തെ തടവിന് ശിക്ഷിച്ചു മനസ്രയേ.

2015ൽ അധിനിവേശ കിഴക്കൻ ജറുസലേമിൽ ജൂദകയ്യേറ്റക്കാർ പാലസ്തീനികളെ ആക്രമിക്കുന്നതിനിടെ മനസ്രയുടെ ബന്ധുവും ഇസ്രായേലി കയ്യേറ്റക്കാരനും മരണമടഞ്ഞു. കൂടെ ഉണ്ടായിരുന്ന മനസ്രയേ ജൂദകയ്യേറ്റക്കാർ ആക്രമിച്ചു. തലയാട്ടിക്ക് പരിക്കേറ്റ മനസ്രക്ക് ജീവൻ തിരിച്ചു കിട്ടി.tt പിന്നീട് ഇസ്രായേലി പട്ടാളം മനസ്രയേ അറസ്റ്റ് ചെയ്യുകയാണ് ചെയ്തത്. ലോകം അറിഞ്ഞതും അറിയാത്തതുമായ ഇതുപോലെ 100 മനസ്രമാർ പാലസ്തീനിലുണ്ട് എന്നുള്ളതാണ് വസ്തുത. അവർ കേവലം കുട്ടികളാണ്' എന്ന തലക്കെട്ടിൽ 2021 മെയ് 26ന്

> “ഹമാസ് ഒരു തീവ്രവാദ സംഘടനയെങ്കിൽ ഇസ്രായേൽ ഒരു തീവ്രവാദ രാജ്യം തന്നെയാണ് എന്ന് തന്നെ പറയും”. ഗസ്സയുടെ 600 നടുത്തുള്ള ദിനങ്ങൾ എന്നത് പശ്ചിമേഷ്യയുടെ തിരിച്ചിറക്കത്തിന്റെ വലിയ ഓർമപ്പെടുത്തൽ കൂടിയാണ്.

ന്യൂയോർക്ക് ടൈംസ് ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ യുദ്ധഭൂമിയിലെ ഫലസ്തീൻ കുട്ടികൾ അനുഭവിക്കുന്ന നരകയാതനകൾ കൃത്യമായി വിശദീകരിക്കുന്നുണ്ട്. ഇസ്രായേലിന്റെ ക്രൂരതകൾ ലോകത്തിന്റെ കണ്ണുകളിലേക്ക് എത്തിക്കുന്ന ഗാസയിലെ മാധ്യമപ്രവർത്തകരെയും ഈ അവസരത്തിൽ നാം ഓർത്തു പോകേണ്ടവരാണ്. ഒക്ടോബർ 7ന് ശേഷം ഇസ്രായേൽ അധിനിവേശം തുടങ്ങിയത് മുതൽ “PRESS” എന്ന എഴുതിയ കോട്ട് അണിഞ്ഞു യുദ്ധഭൂമിയിലുള്ളവർ. കൈകളില്ലാത്ത, കാലുകൾ ഇല്ലാത്തവരെ എടുത്തോടുന്നവർ, ഒരു കയ്യിൽ ക്യാമറയും മൈക്കും മറ്റൊരു കയ്യിൽ ജീവനുവേണ്ടി പിടിയുന്നവരെയും എടുത്തു ആംബുലൻസുകളും ആശുപത്രികളും ലക്ഷ്യമാക്കി പായുന്നവർ. ബോംബുകളും മിസൈലുകളും ഉന്നം തെറ്റാതെ ജീവനുള്ള മനുഷ്യ ശരീരത്തിൽ പതിക്കുമ്പോൾ ലോകത്തിന്റെ കണ്ണുകളിലേക്ക് എത്തിക്കുന്നവർ, തന്റെ കുടുംബം ലോകത്തോട് വിടപറഞ്ഞത് അറിഞ്ഞുകൊണ്ടും ക്യാമറ കണ്ണുകളിലൂടെ ഇസ്രായേലി നരാധന്മാരുടെ ക്രൂരതകൾ ലോകത്തിന്റെ മുൻപിലേക്ക് എത്തിക്കുന്നവർ.

ഫലസ്തീനികളെ കൂട്ടമായി ശിക്ഷിക്കുന്നതിനും കൂട്ടക്കൊല ചെയ്യുന്നതിനുമുള്ള ഇസ്രായേലി വർണവിവേചന ഭരണകൂടത്തിന്റെ പ്രതികരണത്തെ പിന്തുണക്കുന്നവർ ആരും ഇസ്രായേലിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല,അക്രമം അക്രമത്തെ ജനിപ്പിക്കുന്നു. പ്രതികാരം ആഴത്തിൽ വളരും. ഇസ്രായേൽ വർഷങ്ങളായി ഫലസ്തീനെതിരെ നടത്തുന്ന അധിനിവേഷം അവസാനിപ്പിക്കാൻ എത്രപേർ ഉറക്കെ പറയുന്നുണ്ട് എന്നുള്ളത് നോക്കിക്കാണേണ്ടതുണ്ട്. ഒരാളുടെ സുരക്ഷ എല്ലാവരുടെയും സുരക്ഷയെ മുനിർത്തിയാണ്. എല്ലാവരും സുരക്ഷിതനല്ലെങ്കിൽ ആർക്കും സുരക്ഷിതരായിരിക്കാൻ കഴിയില്ല. ഒരാൾ സ്വതന്ത്ര്യരല്ലെങ്കിൽ ആരും യഥാർത്ഥത്തിൽ സ്വതന്ത്ര്യരല്ലാ. ഫ്രീ പലസ്തീൻ എന്നത് പലസ്തീനികളുടെ സ്വാതന്ത്ര്യത്തിനും നീതിക്കും എല്ലാ ജനങ്ങളുടെയും സുരക്ഷക്കുള്ള ആഹ്വാനമാണ്. “ഹമാസ് ഒരു തീവ്രവാദ സംഘടനയെങ്കിൽ ഇസ്രായേൽ ഒരു തീവ്രവാദ രാജ്യം തന്നെയാണ് എന്ന് തന്നെ പറയും”. ഗസ്സയുടെ 600 നടുത്തുള്ള ദിനങ്ങൾ എന്നത് പശ്ചിമേഷ്യയുടെ തിരിച്ചിറക്കത്തിന്റെ വലിയ ഓർമപ്പെടുത്തൽ കൂടിയാണ്. ഗസ്സയിലെ തീരാദുരിതങ്ങൾ ഇസ്രായേലിന്റെ സുരക്ഷക്കപ്പുറം നിരവധിമാനങ്ങളുള്ള ഒന്നാണെന്നു ലോകരാജ്യങ്ങൾ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ലാ എന്നുള്ളതാണ് വസ്തുത. ഇപ്പോൾ മൗനം പാലിക്കുന്നവരെല്ലാവരും ഒരുനാൾ വലിയ വിലകൊടുക്കേണ്ടി വരും.t അപ്പോൾ മാത്രമാണ് ഗസ്സ എന്നത് ഒരു തുണ്ട് ഭൂമി മാത്രമല്ലാ എന്നുള്ള യാഥാർഥ്യം അവർ തിരിച്ചറിയുക,പലസ്തീൻ വിപ്ലവ കവി മഹമൂദ് ദർവീഷിന്റെ വാക്കുകൾ കടമെടുത്ത് കൊണ്ട് അവസാനിപ്പിക്കുന്നു.

“ഞങ്ങളുടെ മണ്ണും കരയും കടലും ഞങ്ങൾക്ക് വിട്ട് തരുക, ഞങ്ങളുടെ അന്നവും മുറിവും എല്ലാം ഞങ്ങൾക്ക് വിട്ട് തരുക, ഓർമ്മകളുടെ ഓർമ്മകൾ പോലും”

പലസ്തീനൊപ്പം...



പ്രതീക്ഷ

നന്ദന. പി. കെ (1st Plant Science)



തഴുകി നീ ഈറൻ
മുടിച്ചുരുളുകളിൽ
തഴുകി നീ മനസ്സിൻ
അന്തരാത്മാവിൽ
ഏകാന്തമാം വീഥിയിൽ
എന്നും എനിക്ക് തുണയായി....
അണയാൻ തുടങ്ങി വെറും -
നാളമായി തീർന്ന മനസ്സിന്,
പുതു പ്രതീക്ഷതൻ വിരൽ നീട്ടി...
തുണയായി, കരുത്തായി നീ
എന്നും എനിക്ക്...
വിജനവീഥിതൻ രാവുകളിൽ,
അസ്തമയസന്ധ്യതൻ
ചക്രവാളങ്ങളിൽ
എന്നും എനിക്ക് തുണയായി -
നീയുണ്ടെന്ന വിശ്വാസം...



ജാലകങ്ങൾക്കപ്പുറം

സന ഫാത്തിമ പി കെ
(1st Bsc Zoology)

തുറന്നിട്ട ജാലകങ്ങൾക്കപ്പുറം
ഒരു ലോകമുണ്ട്,
ഒരു കഥയുണ്ട്,
ഒരു കവിതയുണ്ട്,
ഒരു ജീവനുണ്ട്,
ഒരു ജീവിതവുമുണ്ട്.....
തുറക്കുക നീ
ചിമ്മിയടച്ച മിഴികളും.....
കൊട്ടിയടച്ച ഹൃദയവും.....

INTELLIGENT ACCOUNTANT ആവാം

6 ആത്തും മാസം കൊണ്ട്



- Work On GCC Accounts
- Master AI Tools For Faster Accounting
- Train Under Industry Experts
- Gain 2 Years' Worth Of Experience
- In Just 6 Months!
- Improve Soft Skills, Performance & Communication
- Online & offline available
- Free hostel facility

OCOM®
OCOM ACCOUNTS ACADEMY

9656 270 775
7025 670 775

P.T Tower, Pandikkad Road MANJERI

കളിയല്ല കളിയിലെ പരിക്ക്

AYUR HERITAGE
ilaj HOSPITAL
Art of Curing

സ്പോർട്സ് ഇഞ്ചുറിക്ക് ശസ്ത്രക്രിയ കൂടാതെയുള്ള
ഫലപ്രദമായ ആയുർവേദ, ഫിസിയോതെറാപ്പി ചികിത്സ

For Booking/Enquiries
+91 62359 36000



മഞ്ചേരി
ഇലാജ് ഹോസ്പിറ്റൽ

ഡോക്ടർമാരുടെ സേവനം എല്ലാ ദിവസവും 9 am-5pm വരെ
INSURANCE FACILITIES AVAILABLE)

EEDEEYOU
THE COMPLETE EDUCATION MALL

INDIA'S FIRST
EDUCATION MALL
AT MANJERI



WE'RE NOT JUST A BOOKSTORE

BOOK STORE (CATERING EVERY NEEDS OF STUDENTS FROM KG LEVEL TO RESEARCH) | LABORATORY ACCESSORIES | REAGENTS & EQUIPMENT STORE | UNIFORM CORNER | EDUCATIONAL STATIONARY | ROBOTICS/VR | EDUCATIONAL FURNITURE SPORTS GOODS | CAREER COUNSELLING CENTRE | BOOK REVIEW AND RELEASE AREA | PROJECT GUIDING FOR PROFESSIONAL STUDENTS | RESEARCH FACILITATION CENTRE | FOREIGN LANGUAGE (IELTS/TOEFL) TRAINING | EDUCATIONAL TOYS/GIFT SHOP/CURIOS | SKILL DEVELOPMENT CENTRE | ENTERTAINMENT AREA | COMPUTERS MOBILES & IT PRODUCTS | RESEARCH FACILITATION CENTER | HELP DESK - EDUCATIONAL INSTITUITION & UNIVERSITIES | E-LIBRARY | FOOD COURT & DINING AREA

SAIDALIKUTTY BYPASS ROAD,
KACHERIPPADI, MANJERI,
MALAPPURAM, KERALA - 676 121
TEL: +91 9061 6000 22 / 9061 8000 22
EMAIL: mail@eedeeyou.com
www.eedeeyou.com /eedeeyou

EEDEEYOU

ഒരു വാക്കിന് ഒരു ജീവൻ

പുറത്ത് ഇരുട്ട് കനത്തു തുടങ്ങി. ചീവീടുകളുടെ അലർച്ച പുറത്ത് കടക്കാനാവാതെ മുറിയിൽ തങ്ങി നിന്നു.

ഏറെ നാളുകൾക്കു ശേഷം വായനയ്ക്കായി ഒത്തുകിട്ടിയ സമയം വിനിയോഗിച്ചതു ബേപ്പൂർ സുൽത്താന്റെ ബാല്യകാലസഖിയിലൂടെയായിരുന്നു. വായനയിൽ, സുഹറയുടെയും മജീദിന്റെയും ജീവിതത്തിൽ മുഴുകിയിരുന്നപ്പോഴാണു ഫോണിൽ വെട്ടം മിന്നിമാഞ്ഞതും പണ്ടെങ്ങോ കേട്ടു മറന്ന പാട്ട് ചുറ്റിലും ഒഴുകിയെത്തിയതും. പതിവില്ലാത്ത നേരത്തെ ഈ ഫോൺ വിളി ആരുടേതെന്നറിയാൻ എന്റെയുള്ളിൽ ജിജ്ഞാസയുണ്ടായെങ്കിലും മജീദിനെയും സുഹറയെയും വായിച്ചു തീർക്കുവാനുള്ള ആഗ്രഹം അതിനെ തടഞ്ഞു.

വായനയുടെ അന്ത്യത്തിൽ എപ്പോഴോ മയങ്ങിപ്പോയതാവാം. രാവിലെ ഉറക്കമെഴുന്നേറ്റതു കുരുവികളുടെ കലഹങ്ങളിലേക്കും അടുക്കളയിലെ പാത്രങ്ങളുടെ താളാത്മകമായ ഉരസലിലേക്കുമായിരുന്നു. തിരക്കിട്ട് എവിടേക്കോ പോവാനിറങ്ങിയ അമ്മയാണ് ആ വിവരം എന്നോടു പറഞ്ഞത്.

“ശരത്ത്- അവൻ ഇന്നലെ..”
പാതി ഉറക്കത്തിലായതിനാൽ അമ്മ പറഞ്ഞതിൽ പകുതിയും മനസ്സിലായില്ല. അമ്മയുടെ ചുണ്ടുകളിൽ നിന്നു വീഴുന്ന ഓരോ വാക്കുകളും പെറുക്കിയെടുത്തു, ക്രമത്തിൽ കൂട്ടിവച്ചു, വായിച്ചു.. ഇതൊക്കെ ഒരു ദുസ്വപ്നമായിരിക്കാൻ കരഞ്ഞു പ്രാർത്ഥിച്ചു.
“നീയെണീക്ക്, നമുക്ക് അവിടെ വരെ പോയിട്ട് വരാം.”
അമ്മയുടെ വാക്കുകൾക്കൊത്ത് ശരീരം ചലിക്കുന്നുണ്ടെങ്കിലും മനസ്സ്, മറ്റെവിടെയോ കുടുങ്ങിക്കിടക്കുന്ന അവസ്ഥയിലായിരുന്നു. അവനെക്കുറിച്ചു ചിന്തിക്കുംതോറും വേദന കൂടിക്കൂടി വന്നു. നട്ടെല്ലിലൂടെ മിന്നൽപ്പിണർ പാഞ്ഞു. കൈകൾ തണുത്തു മരവിച്ചു. മനസ്സിനാകെ മരവിപ്പ്;ഒരു കല്ലുപോലെ നിശ്ചലമായ അവസ്ഥ. ഹൃദയം ഞെരിക്കപ്പെട്ടു, പല കഷണങ്ങളായി മാറി, ഭീമാകാരനായ മനുഷ്യന്റെ ചെരുപ്പിട്ട കാലുകളാൽ അവ ചവിട്ടിയരയ്ക്കപ്പെട്ടു.

ഷവറിലെ നനുത്ത വെള്ളവുമായി കണ്ണുകളിൽ നിന്നുതിർന്നു വീണ ഉപ്പുരസമുള്ള മുത്തുകൾ അലിഞ്ഞു ചേർന്നു. വെള്ളം ദേഹത്തും മനസ്സിലും കുളിർമയേകിക്കൊണ്ട് അരിച്ചിറങ്ങുമ്പോൾ എന്റെ മനസ്സു നിറയെ അവനായിരുന്നു.

അവൻ, ജന്മം കൊണ്ടല്ലെങ്കിലും അനിയനായിരുന്നു. ഇരുപത്തിയൊന്നു വർഷക്കാലം രാവും പകലും ഏത് ആവശ്യങ്ങൾക്കും മുന്നിലുണ്ടായിരുന്നവൻ. അമ്മാവന്റെ മകൻ എന്ന നിലയിൽ കുട്ടിക്കാലത്തെ ഏതൊരു ഓർമ എടുത്തു നോക്കിയാലും അവൻ ഞെളിഞ്ഞിരുന്നു പല്ലിളിച്ചുകാട്ടുന്നുണ്ടാവും. പ്രായത്തിന്റെ തിരക്കിൽ ഞങ്ങളുടെ ബന്ധം എവിടെയോ നഷ്ടപ്പെട്ടു പോയിരുന്നുവെന്ന് ആ നിമിഷത്തിലാണു ഞാൻ ശ്രദ്ധിച്ചതു തന്നെ.

അവനെ നഷ്ടപ്പെടുത്തിയതിനാലും അവനെ പൂർണമായും നഷ്ടമായെന്നു ബോധ്യമായതിന്റെ ഒരു നിമിഷം മുന്നേ



> “ഷവറിലെ നനുത്ത വെള്ളവുമായി കണ്ണുകളിൽ നിന്നുതിർന്നു വീണ ഉപ്പുരസമുള്ള മുത്തുകൾ അലിഞ്ഞു ചേർന്നു. വെള്ളം ദേഹത്തും മനസ്സിലും കുളിർമയേകിക്കൊണ്ട് അരിച്ചിറങ്ങുമ്പോൾ എന്റെ മനസ്സു നിറയെ അവനായിരുന്നു.





പോലും അവൻ എന്റെ മനസ്സിലേക്കു കടന്നു വരാഞ്ഞതിനാലും കുറ്റബോധം എന്നെ കീഴ്പ്പെടുത്തി.

അവന്റെ വീട്ടിലേക്കുള്ള യാത്രയ്ക്കിടയിലായിരുന്നു ആ മിസ്ഡ് കോൾ കണ്ടത്. ഇരുമ്പുകൂടം കൊണ്ടു തലയ്ക്കടിച്ചതു പോലെ എന്നിൽ നടുക്കമുളവായി. രണ്ടുദിവസം മുന്നേ അവനുമായി ഫോണിൽ സംസാരിച്ചതോർമ വന്നു. കൂടെയിരുന്ന് ഒന്നു സംസാരിക്കണമെന്ന് അവൻ കെഞ്ചിപ്പറഞ്ഞതാണ്. ഓഫീസിലെ തിരക്കുകൾക്കിടയിൽ കാണാൻ പറ്റില്ലെന്നു പറഞ്ഞായിരുന്നു അന്ന് ഒഴിഞ്ഞത്. തിരക്കുകൾ മാറ്റിവയ്ക്കാൻ കഴിയാഞ്ഞിട്ടല്ല; ഞങ്ങളുടെ ബന്ധത്തിന്റെ മാന്ത്രികത തന്നെ അപ്പോഴേക്കും നശിച്ചതിനാലാവാം അത്.

അവന്റെ കൂടെയുണ്ടാക്കിയ ഓരോ നിമിഷങ്ങളും എന്നെ വേദനിപ്പിച്ചു കൊണ്ടു കണ്മുന്നിൽ ഓടി മറഞ്ഞു. ഈ പ്രായമായിട്ടും ജോലി ഇല്ലാത്തതുകൊണ്ടു മറ്റുള്ളവരിൽ നിന്നുള്ള സമ്മർദ്ദം അവനെ എങ്ങനെ ബാധിക്കുമെന്നെങ്കിലും ഞാൻ മനസ്സിലാക്കേണ്ടതായിരുന്നു. ഓരോ പ്രാവശ്യം അവനെ അവഗണിച്ചതിനും ഞാൻ സ്വയം കുറ്റപ്പെടുത്തി. അവനുമായി കഴിഞ്ഞുപോയ ഓരോ കൂടിക്കാഴ്ചയും ഓരോ വാക്കുകളും കീറി മുറിച്ചു, വീണ്ടും ഒട്ടിച്ചുചേർത്ത് എന്റെ കുറ്റബോധത്തിനുള്ള സാധ്യത ഇല്ലാതാക്കുകയായിരുന്നു ഞാൻ. അവസാനത്തെ കൂടിക്കാഴ്ച, അവസാനത്തെ കെട്ടിപ്പിടുത്തം.. ഒക്കെ ഈ നിമിഷത്തിൽ എന്നെ നോവിക്കാൻ മാത്രമായി ഉണ്ടായതാണെന്നു പറയുവാൻ മാത്രം ഭീകരമായിരുന്നു. അവന്റെ ഒടുവിലത്തെ ഫോൺ കോളിന്റെ തെളിവായിരുന്നു മുറുകെപ്പിടിച്ച എന്റെ കൈകളിൽ.

എഴുന്നേറ്റു ചെന്ന് മറുപടി കൊടുത്തിരുന്നെങ്കിൽ.. അവനോട് ഒന്നു സംസാരിച്ചിരുന്നെങ്കിൽ.. ഇനി ഒരിക്കലും ഉണ്ടാവാനിടയില്ലാത്ത സംഭാഷണമായിരുന്നു ഞാൻ മനസ്സിൽ നെയ്തുകൂട്ടിയത്. ഒരേ സമയം എന്നെ ആശ്വസിപ്പിക്കാനും വേദനിപ്പിക്കാനും അവയ്ക്കു കെൽപ്പുണ്ടായിരുന്നു.

ചിന്തകളുടെ ദയനീയമായ അന്ത്യം അവന്റെ വീട്ടുപടിക്കലായിരുന്നു. ചുറ്റും ദയനീയതയും നിശബ്ദതയും തളം കെട്ടി നിൽക്കുന്നു. അവന്റെ മുഖം- അവന്റെ മുഖം ശാന്തമായിരുന്നു. എല്ലായ്പ്പോഴത്തെയും പോലെ. വന്യമായ ശാന്തത നിറഞ്ഞുനിൽക്കുന്ന മുഖത്തേയ്ക്കു നോക്കി നിന്നപ്പോൾ അവന്റെ മുറി എന്നെ പതിയെ വിളിക്കുന്നതായി തോന്നി. മുറിയിലെ ചായക്കറ പിടിച്ച ഗ്ലാസ്സിനു തൊട്ടടുത്തായി തുരുമ്പു പിടിച്ച ജനലഴികൾ ഇപ്പോഴും ആരെയോ കാത്തു നിൽക്കുന്നുണ്ട്.

Are you drunk? No, I'm a poet.

Moideen Libeesh (1st Bsc Mathematics)

I'm a body that breathes verses, a vessel of rhythm and restless words.

I move in metaphors, stumble through silence, tracing paths unsee

I'm a heartbeat dressed in phrases, a soul stitched in sentences, wondering where reason fails and feeling begins.

I'm a body drunk on the taste of language, forever teetering on the edge of meaning and madness, filling empty spaces with the weight of what can't be said.



THE SPLINTERS

Sana Fathima (1st Bsc Chemistry)

Oh God, where is my little one and forever one?

Couldn't find but scrabble on the floor for my son.
The baby holding the doll and hubby bricking the wall is what I recall.

But here I am stuck as only he could sprawl or crawl.

It's just the dawn and all I hear is people mourn.
Miles afar I see the house roofs burn.

The red sky, humming choppers flying high,
And merely I feel numbness from bottom to thigh.

Oh God, It's all smoke and soot,
is it just my eyes dead or all around.
I feel the splinter pierced beneath my foot,

But all I could do is suffer lying on the ground.

Oh, I covered their faces with bloody white clothes days back.
and it's just me and myself, now I remember.

It's nothing but just another day,
and here we are fighting the armed unarmed.



ELEGANT TRAVELS

ALL OVER INDIA TOUR PACKAGES

Explore, Experience, and Enjoy Tailored Travel Adventures,College IV,School Trips

CALICUT MALAPPURAM

8590650439,9567147081

elegant.travels_



Chilanka_dance_collection

ചിലങ്ക

ഡാൻസ് കളക്ഷൻ

9446 156 976
8547 628 088

Jaseela junction, melakkam, manjeri





അരികിലുണ്ട് എന്നും മനസ്സറിയുന്ന ഹൃദയങ്ങൾ...

OZMIA

GOLD & DIAMONDS

PANDIKKAD ROAD, MANJERI 0483 276 0916, 949 543 4916

ozmia_gold & diamonds

എം. ടി യെന്ന വിശ്വസാഹിത്യകാരൻ

ഡോ.സന്തോഷ് വള്ളിക്കാട്

മലയാള സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും സുകൃതമായിരുന്നു എം.ടി എന്ന രണ്ടക്ഷരത്തിലെ മാടത്ത് തേക്കേപ്പാട്ട് വാസുദേവൻ നായർ. ലോക സാഹിത്യ ഭൂപടത്തിൽ മലയാളത്തെ അടയാളപ്പെടുത്തിയ എഴുത്തുകാരൻ. എം . ടി യോളം ആഘോഷിക്കപ്പെട്ടവർ മലയാളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. നാലു തലമുറകളുടെ ഹൃദയത്തിൽ ഒരേ വികാരതീവ്രതയോടെ സ്വാധീനം ചെലുത്തിയ വലിയ എഴുത്തുകാരൻ

വർത്തമാനകാല ഇന്ത്യൻ സാഹിത്യത്തിൽ മലയാളത്തിലെ ഏറ്റവും സെലിബ്രിറ്റി (Star) ആയ എഴുത്തുകാരനാണ് എം. ടി എന്ന ഈ രണ്ടക്ഷരം. ആ താരമൂല്യത്തിന് തക്കതായ കാരണങ്ങളുമുണ്ട്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടിലെ അക്ഷര ജീവിതത്തെയും സ്വത്വബോധത്തെയും ആത്മാഭിമാനത്തെയും രണ്ടക്ഷരങ്ങളിലേക്ക് സംക്ഷേപിക്കുന്നതാണ് എം.ടി എന്ന നാമം. ഒരു ജനത അവരുടെ ജീവിത വേദനകളുടെയും സ്വപ്നങ്ങളുടെയും ഹർഷങ്ങളുടെയും പ്രതീക്ഷകളുടെയും കഥകളാണ് എം. ടിയിൽ നിന്ന് കേട്ടത്. എം. ടിയെ വായിച്ചപ്പോൾ അവർ വായിച്ചത് അവരെ തന്നെയാണ്. സമസ്ത ചിന്തകളെയും അനുഭവങ്ങളെയും വികാരങ്ങളാക്കി ഒരുക്കിയെടുത്ത് അനുവാചക ഹൃദയങ്ങളിലേക്ക് ലയിപ്പിക്കുന്ന സവിശേഷമായ ഭാഷയുടെ ഒരു രാസവിദ്യ എം.ടി സാഹിത്യത്തിലുണ്ട്. വായിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിൻറെ ഓരോ വാക്കും മൗനവും നമ്മെ നിരന്തരം മോഹിപ്പിച്ചു കൊണ്ടിരിക്കുകയും എന്നെന്നേക്കുമായി കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യഹൃദയങ്ങളോടാണ് എം. ടി എന്നും സംസാരിച്ചത്. അങ്ങനെയാണ് അതിവിപുലമായ ഒരു ആസ്വാദക ബന്ധം എം ടി ക്ക്

> “സമസ്ത ചിന്തകളെയും അനുഭവങ്ങളെയും വികാരങ്ങളാക്കി ഒരുക്കിയെടുത്ത് അനുവാചക ഹൃദയങ്ങളിലേക്ക് ലയിപ്പിക്കുന്ന സവിശേഷമായ ഭാഷയുടെ ഒരു രാസവിദ്യ എം.ടി സാഹിത്യത്തിലുണ്ട്.

സ്വന്തമായി ലഭിച്ചത്.

വള്ളുവനാടൻ ഭാഷയുടെ ലാവണ്യത്തെ എഴുത്തിലേക്കാവാഹിച്ച മാന്ത്രികനായ കഥാകാരനാണ് എം. ടി. എം.ടിയുടെ കഥകളും നോവലുകളും പുറത്തുവന്നതോടെ വാക്കിന്റെയും അനുഭൂതിയുടെയും അതുവരെ അപരിചിതമായ ഒരു ഭൂമിക മലയാളഭാഷയ്ക്ക് മുമ്പിൽ വിടരുകയായിരുന്നു. മിത്തും പുരാവൃത്തങ്ങളും വിശ്വാസപ്രമാണങ്ങളും നിറഞ്ഞ നാട്ടുജീവിതത്തിന്റെ വേറിട്ട ദൃശ്യങ്ങൾ അദ്ദേഹം തന്റെ ഭാഷയിലൂടെ കഥകളിലേക്ക് ആവിഷ്കരിച്ചു.

പത്രാധിപർ, ചെറുകഥാകൃത്ത്, നോവലിസ്റ്റ് ,തിരക്കഥാകൃത്ത്, ലേഖകൻ, നാടകകൃത്ത് , ബാല സാഹിത്യകാരൻ . യാത്രാവിവരണ കർത്താവ് തുടങ്ങി വ്യത്യസ്തമായ മേഖലകളിൽ എം ടി അറിയപ്പെട്ടു. 1965 മുതൽ 1981 വരെയും 1989 മുതൽ 1999 വരെയും മാതൃഭൂമിയുടെ പത്രാധിപരായിരുന്നു. അനേകം ലേഖന സമാഹാരങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. കാഥികന്റെ കല, കാഥികന്റെ പണിപ്പുര, ഫെമിംഗ്വേ ഒരു മുഖവുര തുടങ്ങിയവ കഥയെ കുറിച്ചുള്ള എഴുത്തുകാരന്റെ സമഗ്രമായ ദർശനത്തെ അവതരിപ്പിക്കുന്നു. ഗദ്യമെഴുത്തിന്റെ മാസ്മരികത കണ്ണാന്തളി പൂക്കളുടെ കാലം ഏകാകികളുടെ ശബ്ദം കിളിവാതിലിലൂടെ തുടങ്ങിയ കൃതികളിൽ വശ്യലയഭാവമായി മാറുന്നു. അനുഭവത്തിന്റെ ഭാഷയിലൂടെയാണ് എം ടി എഴുതുന്നത്. ആൾക്കൂട്ടത്തിൽ തനിയെ , മനുഷ്യർ നിഴലുകൾ, വൻകടലിലെ തുഴവള്ളക്കാർ തുടങ്ങിയ യാത്രാവിവരണങ്ങൾ മനോഹരമായ ദൃശ്യ ചാരുത നൽകുന്നു. കണ്ണാന്തളി പൂക്കളുടെ കാലം, രമണീയം ഒരു കാലം, വാക്കുകളുടെ വിസ്മയം , സ്നേഹാദരങ്ങളോടെ. അമ്മയ്ക്ക്



തുടങ്ങിയ ഓർമ്മകൾ എം. ടിയുടെ ജീവിതത്തെ ഏറെ ഹൃദ്യമായി അനുഭവപ്പെടുത്തുന്നു. ഗോപുരനടയിൽ എന്ന നാടകം തത്വചിന്താപരമായ ആവിഷ്കാരമായിരുന്നു. മാണിക്യക്കല്ല്, ദയ എന്ന പെൺകുട്ടി, യന്ത്രക്കാരി തുടങ്ങിയ ബാലസാഹിത്യകൃതികൾ എം. ടിയിലെ എഴുത്തിന്റെ വൈവിധ്യത്തെ ചൂണ്ടിക്കാട്ടുന്നു.

ചെറുകഥയിലാണ് എം. ടിയുടെ ക്രാഫ്റ്റിന്റെ പൂർണ്ണത പ്രകടമാകുന്നത്. പ്രാർത്ഥനകളുടെ സംഗീതം പോലെയാണ് ആ എഴുത്ത് എന്ന് വി. ആർ. സുധീഷ് അതിനെ വിശേഷിപ്പിക്കുന്നു. രാഗലയമായ ഭാഷ എന്ന വിശേഷണം എം.ടിയുടെ ഭാഷയുടെ താളവും ഭാഷയുടെ ജീവന സംഗീതവും മനസ്സിലാക്കാൻ സഹായിക്കും. ഭാഷയുടെ ജീനിയസ് ആണ് എം ടി എന്നുപറയാം. "വളരും വളർന്നു വലിയ ആളാവും. കൈകൾക്ക് നല്ല കരുത്ത് ഉണ്ടാകും. അന്ന് ആരെയും ഭയപ്പെടേണ്ടതില്ല. തലയുയർത്തിപ്പിടിച്ചുകൊണ്ട് നിൽക്കാം. ആരാടാ എന്ന് ചോദിച്ചാൽ പരുങ്ങാതെ ഉറച്ച സ്വരത്തിൽ പറയാം ഞാനാണ് കോന്തുണ്ണി നായരുടെ മകൻ അപ്പുണ്ണി" (നാലുകെട്ട്). ഒരു തലമുറയുടെ നൊമ്പരങ്ങളും വിഷാദങ്ങളും നിറഞ്ഞു കവിയുന്ന വികാരത്തിന്റെ ഭാഷയാണ് ഇത്. എം. ടി യുടെ അധിക കഥാപാത്രങ്ങളും ഇത്തരത്തിൽ ആത്മഭാഷണം (Mono-logue) നടത്തുന്നവരാണ്. എം.ടിയുടെ മിക്കവാറും എല്ലാ കഥാപാത്രങ്ങളിലും എം. ടി ഉണ്ടായിരുന്നു. ആത്മാഖ്യാന പരമെന്ന് വേണമെങ്കിൽ പറയാം. നാലുകെട്ടിലെ അപ്പുണ്ണിയിൽ തുടങ്ങി അസുരവിത്തിലെ ഗോവിന്ദൻകുട്ടിയിൽ കാലത്തിലെ സേതുവിൽ മഞ്ഞിലെ വിമലയിൽ വാനപ്രസ്ഥത്തിലെ കരുണാകരൻ മാഷിൽ രണ്ടാമൂഴത്തിലെ ഭീമനിൽ പോലും എം. ടിയുടെ ആത്മാംശങ്ങൾ നിറയുന്നുണ്ട്.

"താന്നിക്കുന്നിന്റെ നെറുകയിൽ നിന്നാൽ വയലുകളും ഭാരതപ്പുഴയും കരിയന്നൂർ പാലവും കാണാം. ആ കുന്നിൻ നെറുകയിൽ ഏകാന്തതയുടെ മഹാസാമ്രാജ്യത്തെ നോക്കിക്കൊണ്ട് നിന്ന് രൂപംകൊള്ളാത്ത കവിതകളെയും കഥകളെയും രൂപപ്പെടുത്താൻ വേദന അനുഭവിച്ച ചെറുക്കന്റെ പ്രേരണ എന്തായിരുന്നു ?" എഴുത്തിനെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും എം. ടിക്ക് വ്യക്തമായ നിലപാടുകൾ ഉണ്ടായിരുന്നു. ഞാൻ ഒരാൾ എഴുതിയിട്ടില്ലെങ്കിൽ ഒരബദ്ധവും സാഹിത്യത്തിനു സംഭവിക്കാൻ പോകുന്നില്ല. സാഹിത്യത്തിൽ എഴുത്തുകാരൻ പ്രശ്നമല്ല. എഴുത്ത് മാത്രമേ പ്രശ്നമാകുന്നുള്ളൂ എന്ന് എം. ടി തന്റെ നിലപാട് ഉറപ്പിച്ചു. എനിക്കുവേണ്ടിയാണ് ഞാൻ എഴുതുന്നത്. എഴുതുമ്പോൾ എന്റെ മുന്നിൽ പത്രക്കാരില്ല, പ്രസാധകന്മാർ ഇല്ല, വായനക്കാരും ഇല്ല. ഇതെല്ലാം ഞാൻ എഴുതുന്ന കഥകളുടെ ഭൗതിക ജീവിതവശങ്ങളാണ്. എഴുതിയ ശേഷമേ ഇതെല്ലാം വരുന്നുള്ളൂ.

കുടുംബം, വ്യക്തി, കാലം, ഏകാന്തത ഇവ തമ്മിലുള്ള സംഘർഷങ്ങൾ, ഒറ്റപ്പെടുന്നവരുടെ വിലാപങ്ങൾ, സങ്കടങ്ങൾ എന്നിവയെല്ലാമായിരുന്നു എം. ടി യുടെ മുഖ്യ പ്രമേയം. മനുഷ്യബന്ധങ്ങളെ കുറിച്ചുള്ള കാല്പനിക ധ്യാനങ്ങളായിരുന്നു എം.ടിയുടെ കൃതികൾ. സാഹിത്യത്തെ സംബന്ധിച്ച ഒരു സിദ്ധാന്തവും എനിക്ക് വാദിച്ചുറപ്പിക്കാൻ ഇല്ല. പാണ്ഡിത്യമോ ലോക ജ്ഞാനമോ എനിക്ക് അവകാശപ്പെടാനില്ല. ജീവിതത്തിലെ കടന്നുപോയ ആറു ദശകങ്ങളിൽ അധിക കാലവും ഒരു ഗ്രാമവും ഒരു ചെറു നഗരവുമായി ബന്ധപ്പെട്ട് കിടക്കുന്നു ഞാൻ, എം ടി ജ്ഞാനപീഠ പ്രസംഗത്തിൽ പറഞ്ഞു. ഗ്രാമം എനിക്ക് ശബ്ദങ്ങളും ബിംബങ്ങളും വാക്കുകളും തന്നു. അതുകൊണ്ടാണ് അറിയപ്പെടാത്ത അത്ഭുതങ്ങളെ ഉള്ളിലാവാഹിച്ച സമുദ്രത്തെ കാൾ എനിക്ക് സുപരിചിതം എന്റെ നിളാ നദിയെയാണ് എന്ന് എം. ടി പറയാൻ ഇടയായത്.

വാക്കിനോടുള്ള സത്യസന്ധതയും വികാരങ്ങളോടുള്ള ആത്മാർത്ഥതയും വ്യക്തിക്കകത്തും പുറത്തും ലോകങ്ങളുടെ ഏറ്റുമുട്ടലുകളിൽ നിന്ന് പുതിയ ലോകം സൃഷ്ടിക്കുവാനുള്ള നവീന ഭാവുകത്വവും എഴുത്തിന്റെ

സമർപ്പണവുമാണ് എം.ടി എന്ന നിത്യഹരിത പ്രതിഭയെ നിലനിർത്തിയത്. സർഗാത്മക രഹസ്യങ്ങളുടെ മഹത്തായ ഒരു പുസ്തകമാണ് എം. ടി. ഒറ്റയ്ക്ക് ഒരു സാഹിത്യ ചരിത്രമായി മാറിയ വ്യക്തി. കുടുംബകഥ പറഞ്ഞുകൊണ്ട് ഗ്രാമകഥ മെനയുകയും ഗ്രാമകഥയിലൂടെ ഒരു ദേശരാഷ്ട്രസങ്കൽപ്പനം നമ്മുടെ ആഖ്യാന സംസ്കൃതിയിൽ വികസിപ്പിക്കുകയുമാണ് എം.ടി ചെയ്തത്. ഒരു കാലഘട്ടത്തിലെ ഗ്രാമ കുടുംബ ബന്ധങ്ങളെ അതി സൂക്ഷ്മമായി അടയാളപ്പെടുത്തിക്കൊണ്ട് മലയാളിയുടെ നഷ്ട ഭൂതകാലത്തിന്റെ സൂക്ഷ്മരേഖാ ചരിത്രമാണ് എം. ടി എഴുതിയത്. അതാണ് നാലുകെട്ട് എന്ന ചരിത്ര സംബന്ധിയായ രൂപകം. ഇവിടെ കടുത്ത ഏകാന്തത അനുഭവിക്കുന്ന കഥാപാത്രങ്ങളുടെ ആന്തര ലോകമായിരുന്നു എം. ടി കണ്ടെത്തിയത്. സ്നേഹം, സഹനം, ഒറ്റപ്പെടൽ, കരുത്തുനേടൽ, അതിജീവനം തുടങ്ങി മനുഷ്യമനസ്സുകളെക്കാലവും നേരിട്ട്പോരുന്ന ജീവിതാവസ്ഥകളെ തന്റെ കാലഘട്ടത്തിലെ മനുഷ്യ പരിസരങ്ങളെ മുഴുവൻ സ്പർശിക്കുന്ന വിധത്തിൽ ആവിഷ്കരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കേരളീയ സാമൂഹ്യവ്യവസ്ഥയുടെ ഒരു സംക്രമദശയിലാണ് എം. ടി എഴുതി തുടങ്ങിയത്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന മരുമക്കത്തായ കൂട്ടുകുടുംബ വ്യവസ്ഥ തകരുകയും പരസ്പര ബന്ധങ്ങൾ മുറിഞ്ഞ് ശിഥിലമാവുകയും ഒറ്റപ്പെടുകയും ചെയ്ത കാലം. ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥയുടെ തകർച്ചയിലേക്ക് നീങ്ങിയ തറവാടുകളും അവിടത്തെ നിസ്സഹായരായ മനുഷ്യരും ആണ് എം. ടിയുടെ ആദ്യകാല രചനകളുടെ പശ്ചാത്തലം. കാലം , അസുരവിത്ത്, മഞ്ഞ്, വിലാപയാത്ര, വാരാണസി തുടങ്ങിയ ഒട്ടേറെ രചനകൾ വേറിട്ട അനുഭവമായിരുന്നു. എൻ. പി. മുഹമ്മദ്മായി ചേർന്നെഴുതിയ അറബിപ്പൊന്ന് മറ്റൊരു ഭാവാഖ്യാനമായി. മഹാഭാരതത്തെ ഭീമന്റെ വീക്ഷണത്തിലൂടെ കാണുന്ന രണ്ടാമൂഴം എം. ടിയുടെ മാസ്റ്റർപീസ് ആയി വിലയിരുത്തപ്പെട്ടു.

ഏകാകിയുടെ സ്വരമാണ് ചെറുകഥ എന്ന സങ്കല്പം എം. ടിക്ക് പ്രിയപ്പെട്ടതാണ്. അന്തർഭാവപരമായും ശില്പപരമായും ആ സങ്കല്പത്തിന്റെ പരിധിയിൽ നിൽക്കുന്നവയാണ് എം. ടി യുടെ കഥകളിൽ ഏറിയ പങ്കും. അവ ഏകാകിയായ വ്യക്തികളുടെ ആത്മഭാഷണമായിത്തീരുന്നു. കൂടല്ലൂരിലാണ് വേലായുധേട്ടനും ഗോവിന്ദൻകുട്ടിയും പകിട കളിക്കാരൻ കോന്തുണ്ണി അമ്മാമ്മയും കാതുമുറിച്ച മീനാക്ഷിയേടത്തിയും ഒക്കെ ജീവിതം ജീവിച്ചു തീർത്തത്. ഈ അനുഭവമണ്ഡലത്തിലെ സ്ത്രീ പുരുഷന്മാരുടെ ജീവിതമാണ് എം. ടിയുടെ കഥാപ്രപഞ്ചം. നോവലുകളിലും ചെറുകഥകളിലുമായി 250ലധികം കഥാപാത്രങ്ങളെ സൃഷ്ടിച്ചിട്ടുണ്ട് കൂടല്ലൂരിൽ നിന്ന് എം. ടി. കുമരനെല്ലൂരിലെ കുളങ്ങൾ പോലെ. കടുകണ്ണാവയുടെ ജീവിതം പോലെ, ജീവിതം ഏൽപ്പിക്കുന്ന ക്ഷതങ്ങളെ ഏകാന്തതയിലിരുന്ന് സ്വയം തടവി വേദനിക്കുകയും അതിൽ നമ്മെ പങ്കാളികളാകുകയുമാണ് എം. ടി ചെയ്തതെന്ന് എം. അച്യുതൻ വിലയിരുത്തുന്നു.

ഭാവഗാനത്തിൽ എന്നപോലെ മനോഭാവങ്ങളെ വ്യഞ്ജിപ്പിക്കുന്നതാണ് എം. ടിയുടെ കഥകളുടെ പ്രതിപാദന രീതി. വസ്തുതകൾ വാച്യമാക്കാതെ കഴിയുന്നത്ര ധ്വന്യാത്മകമാക്കുന്നതിലാണ് കഥാകാരന്റെ ശ്രദ്ധ. "കഥാനിർമ്മാണ പ്രക്രിയയിൽ ജീവിതത്തിന്റെ മറ്റേതൊരു നിമിഷത്തിലും അനുഭവിക്കാത്ത സ്വാതന്ത്ര്യം ഞാൻ അനുഭവിക്കുന്നു, " എന്ന് എം. ടി പറയുകയുണ്ടായി. ഏകാന്തമായ ആത്മാവിന് വല്ലപ്പോഴും വീണു കിട്ടുന്ന ആഹ്ലാദത്തിന്റെ അസുലഭ നിമിഷങ്ങൾക്കുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ എഴുതുന്നു എന്നാണ് എം. ടി യുടെ വ്യാഖ്യാനം.
നിൻറെ ഓർമ്മയ്ക്ക്, കുട്ടിയേടത്തി, കല്പാന്തം , അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ, ദാർ എസ്സലാം, ഷെർലക്, വാനപ്രസ്ഥം തുടങ്ങി പ്രസിദ്ധമായ ചെറുകഥകൾ. രക്തംപുരണ്ട മൺതരികൾ എന്ന ആദ്യ കഥാസമാഹാരം 1952 ൽ പ്രസിദ്ധീകരിച്ചത് മുതൽ 1997 ൽ ഷെർലക് പ്രസിദ്ധീകരിക്കുന്നതുവരെ എം. ടിയുടെ ഓരോ കഥകളും വ്യത്യസ്തമായ അനുഭവമായി

> "എൻറെ ഭാഷ എൻറെ വീടാണ്. എൻറെ ആകാശമാണ്. ഞാൻ സ്വപ്നം കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്. എൻറെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്. എൻറെ അമ്മയുടെ തലോടലും ശാസനയുമാണ്.

മാറിക്കൊണ്ടിരുന്നു.

1965 ൽ മുറപ്പെണ്ണ് എന്ന തിരക്കഥ രചിച്ചു കൊണ്ടാണ് എം. ടി തിരക്കഥാകൃത്ത് എന്ന പദവിയിലേക്ക് എത്തുന്നത്. 6 സിനിമകൾ എം. ടി സംവിധാനം ചെയ്തു. നിർമ്മാല്യം, മഞ്ഞ്, ബന്ധനം, വാരിക്കുഴി, കടവ്, ഒരു ചെറുപുഞ്ചിരി തുടങ്ങിയ സിനിമകൾ ഓരോ അർത്ഥത്തിലും മികച്ചതായിരുന്നു. സ്വന്തമായി 18 തിരക്കഥകൾ രചിച്ചു. ഇരുട്ടിന്റെ ആത്മാവ്, ഓപ്പോൾ, നീലത്താമര, വൈശാലി, നഖക്ഷതങ്ങൾ, അമൃതംഗമയ, പെരുന്തച്ചൻ. ഒരു വടക്കൻ വീരഗാഥ. കന്യാകുമാരി, ഓളവും തീരവും. വളർത്തുമൃഗങ്ങൾ, ശത്രു, ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച, സ്വന്തം ജാനകിക്കുട്ടി, ദയ ഇങ്ങനെ നീളുന്നു അവ. രണ്ട് ചിത്രങ്ങളിലായി അഞ്ച് ഗാനങ്ങൾ അദ്ദേഹം രചിക്കുകയും ചെയ്തു. അങ്ങനെ ഗാനരചയിതാവിന്റെ സ്ഥാനത്തും അദ്ദേഹം നിലയുറപ്പിച്ചു.

"എന്റെ ഭാഷ എന്റെ വീടാണ്. എന്റെ ആകാശമാണ്. ഞാൻ സ്വപ്നം കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്. എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്. ഏത് നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ് . എന്റെ ഭാഷ ഞാൻ തന്നെയാണ്"
ഇതു പറഞ്ഞ എം. ടി മലയാളിയുടെ മനസ്സിൽ എന്നും ഇതിഹാസമായി ജീവിക്കും.

Beauty Of Nature

Shamna (1st chemistry)



The beauty of nature is a timeless source of inspiration and wonder, a masterpiece of unparalleled diversity and elegance. It reveals itself in countless forms, from the soft hues of a sunrise that paint the sky in shades of gold and pink to the serene stillness of a forest. Where sunlight filters through the canopy, casting drappled shadows on the earth below. Nature's charm lies in its contrasts - the rearing power of a waterfall against the gentle flow of a winding river, or the vibrant colours of blooming flowers juxtaposed with the muted toner of rugged mountains. Each elements, whether a delicate butterfly, a snow capped peak, or a vast expanse of desert, contributes to the harmonious symphony of the natural world. The changing seasons bring their own unique splender: spring burts forth with life and renewal, summer dazzles with warmth, and vibrancy, autumn enchants with its golden foliage and winter captivates with its pristine blankets of snow beyond its visual appeal, nature soothes the soul with its sounds- the rusting of leaves, the chirping of birds, and the rhythmic crashing of ocean waves. Its beauty is not just in its appearance but in the profound sense of peace and connection it offers, reminding us of our place within a vast and interconnected world. To experience nature is to witness the artistry of life itself, a gift that continues to inspire us and gratitude in all who pause to admire it.

ഇരുമുഖം

ഒരു കയ്യിൽ പൂച്ചെണ്ടും
മറച്ചു പിടിച്ച മറ്റേ കയ്യിൽ
ഊരിയ കഠാരയുമായ്
എന്റാത്മാവ് എനിക്കുനേരെ.

വയറൊഴിയാത്ത- പശുവിനെ
പോലെ
ഒരു മുറി നിറയെ
പഴയ പത്രങ്ങളും
പാഠപുസ്തകങ്ങളും

പശു പ്രസവിച്ചെ പറ്റൂ
എന്ന പോലെ
മുറി ഒഴിഞ്ഞേ തീരൂ.

വായിച്ചതും വായിക്കാത്തതും
വീണ്ടും കണ്ണോടിച്ച്
രണ്ടു കെട്ടാക്കി.

ഒന്ന് പിന്നെയും വായിക്കാൻ
മനസ്സില്ലെന്നാലും
മറ്റേത്
തൂക്കി വിൽക്കാനും
വേണ്ടെന്ന് വെച്ചാലും
ഒഴിയാത്ത മനസ്സ്.



ചിങ്ങനിലാവ്



എത്ര മനോഹരമീ
പൂത്തിരുവോണനാൾ
ചിത്തമോദം
വളർത്തീടുവാൻ ഭൂമിയിൽ
അത്തലെല്ലാമകന്നു
സന്തുഷ്ടരായ്
എത്തിനിൽക്കുമീ
ചിങ്ങനിലാവിതിൽ
മാവേലി വരുമെന്ന -
സങ്കല്പമായ്
മാനവരെല്ലാമൊത്തു
ചേർന്നീടുന്നു.
ഐക്യ ഭാവ -
പ്രമാണ മോണമിഹ
മർത്യ ജന്മത്തിൽ
എന്നുമുണർത്തട്ടെ.

ചെങ്കൽ ചായം



ചെങ്കൽ ചായം
ചുവരുകൾക്കലങ്കാരമായിരുന്നപ്പോൾ
ഓലയും വൈക്കോലും
വിലപിടിച്ചതായിരുന്നു.
വർഷത്തിലൊരിക്കൽ
മേച്ചിലടുക്കുമ്പോൾ
വിചാരിച്ചിരുന്നു.
“ഓടാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ”

അരമുറുക്കാൻ തുടങ്ങിയപ്പോൾ
പണികൾ തകൃതിയായപ്പോൾ
മേൽക്കൂര ചുവന്നുതുടങ്ങിയപ്പോൾ
ഭിത്തി വെളുത്തു തുടങ്ങി.
ഇറക്ക് ഓലതടുക്ക്
വെച്ചുകൊടുക്കുമായിരുന്നു.
കടലകലേന്ന്
മങ്ങിവരാൻ തുടങ്ങിയപ്പോൾ
മേൽക്കൂര വേണ്ടെന്നായപ്പോൾ
ചായകൂട്ടിൽ വിപണി
ഏറിവന്നപ്പോഴും
ഫൈബർ കൊണ്ടോ താമ്പാളം കൊണ്ടോ
ഇറ നീട്ടി
അന്തിത്തല
ചായ്ക്കാനിരുന്നത്
അലങ്കാരത്തിനായപ്പോഴും
വെച്ചുനീട്ടൽ തുടരുന്നു
ആണ്ടിലൊരിക്കലെ ചിലവൊ
പതിന്മടങ്ങാവുന്നു.

Rest In Peace (RIP)



Beneath the moon gaze,
Wind carries fragrance of mehandi,
Peace whispers all around.

The Cycle of Remembrance: The Last Alarm

Shifna Banu (2nd BA English)

Constant arrivals and departures of
people,
a sea of faces pulsed with mourning.
presence of the beast mode of sorrow
Waiting to see the last glimpse
of the deceased .

those who related are feeling a sense of desolation,
those who not are weeping for the fragility of their own existence.
because this death is a dark whisper of reminder and a moment of realisation.

one or two days this will last..
later comes another reminder and the loop of loss and remembrance continues
until their moment reaches..
the wait is not forever,
your turn will come.

where the realisation awakens,
it's not a mere reminder rather it's the most sweet and worst,ultimate, inevitable,
haunting,indestructible universal truth.
and one day all must surrender ,
to that last alarm.





سينهضُون من تحتِ الرمادِ كطائرِ العنقاَء

Muhammed Midlaj MP (3rd Bsc Physics)



في أرضِ الزيتونِ حيثُ تنمو الحكاياتُ
وعلى التلالِ تصدحُ ألحانُ الشهاداتِ

سالت دماءُ الأطفالِ كالنهرِ الجاري
وصوتُ الأمِّ ينادي: أين أحلامي ورجائي؟

تحطمت كل الأحلام.. حتى لا ينبت عشب الأمنية
هتفت سيارات الإسعاف كما تم تدمير المستشفيات

أيُّ ذنبٍ ارتكبتهُ زهورُ الحقول؟
حتى تُدَّاسَ بأقدامِ الحقدِ والرصاصاتِ

أيها العالمُ، هل أصمَّتكَ الانسانية؟
أم أغمضتْك عينيكَ الوعي الذاتي؟

لكن فلسطينَ لن تموتَ، لن تخضعَ
فهي الحياةُ في وجهِ كلِّ النكباتِ

ستنخفض أسعار الزيتون،سوف تتفتح الزهور
وبدلا من رائحة الدم سيكون هناك رائحة طيبة

سوف يطير حمام الخير حولهم
وستشهد القدس دموع الفرح والسرور

لأنه لا يمكنك الإساءة لإيمان الفلسطينيين
!ومعنوياتهم ستجعلك أيضًا غير فعال

سينهضُون من تحتِ الرماد كطائرِ العنقاءِ
ويعيدُون للأرضِ أغَانيها والصلواتِ

Reclaim yourself from others

Shifna Banu (2nd BA English)



you are giving too much trust.
they are making us believe,
they don't cheat .
realise! they are humans too.

one moment of time,
everything will change.
and you won't be able to bear.
no one could help you,
be aware of each situations
and ready to confront it.

don't hate yourself ,
won't do any good.
don't be harsh on you
next time be careful
it's better to be alone,
it's a magical experience
lone time will give you space
make the most of it.
it will sprout your magical powers,
lying inside your subconscious
that you are not aware of.
broken trust's gift is,
the wisdom of radiant self.

you are beautiful,humble,loveable too
infinite qualities of goodness
lies in you
You are not aware of these,
just like you have these qualities,
be gentle on yourself .
Wake up from the dream
Be Conscious of your values.
You are the best friend of you!

ഇന്നിടം

Sandra Nalin (3rd Bsc Chemistry)

എന്നെ സംബന്ധിച്ച് ഞാൻ വളരെ പെട്ടെന്ന് എല്ലാവരുമായി കൂട്ടുകൂടും. ഒരു കണക്കിന് അത് നല്ലതാണെന്നും തോന്നാറുണ്ട്. ഒറ്റക്കിരിക്കണ നേരത്ത് ഇങ്ങളെന്താ ഒറ്റക്കിരിക്കണേ വരീ നമ്മക്കൊന്ന് നടന്നേച്ചും വരാന്ന് പറയാൻ ആൾക്കാരുണ്ടാവാന്ന് പറയണത് വല്യ കാര്യല്ലേ . അക്കാര്യത്തിൽ ഞാൻ ഭാഗ്യവതിയാ. സ്കൂളിൽ പഠിക്കണ കാലത്തേ ബ്രേക്കിന്റെ സമയത്തൊന്നും ക്ലാസിലിരിക്കണ പരിപാടിക്കില്ല. ഇപ്പൊഴൂല്ലട്ടോ, ഒരൊഴിവ് കിട്ട്യാ എങ്ങനെ പുറത്ത് ചാടാന്നാ ആദ്യം ആലോയ്ക്ക്യാ, എനിക്കങ്ങനെ നടക്കണം രണ്ട് മൂന്ന് റൗണ്ടടിച്ചാ അത്രേം സന്തോഷം, പോണപോക്കില് അറിയണോരെ കണ്ടാ കൊറച്ചേരം വർത്താനോം. അതോണ്ടൊക്കെത്തന്നെ ന്റെ കൂടെ വരാൻ ആരും ഒന്ന് മടിക്കും. എന്നാലെന്താ ഒരു വിധം ആൾക്കാർക്കൊക്കെ ന്നെം അറിയേർന്നു.

എന്നായാലും ന്റെ കറക്കത്തിന് പറ്റിയ സ്ഥലത്തന്നെ ഞാനും വന്ന് പെട്ടത്. വന്ന് പെട്ടുന്ന് പറഞ്ഞത് വെറുതെല്ലട്ടോ ഒട്ടും ഇഷ്ടമില്ലാതെയാ കേറി വന്നത്. ആദ്യയെക്കെക്കും തോന്നിന്നു, എന്തിനാ ഈ പൊട്ട കോളേജില് വന്നത് ന്ന് ,എന്നാൽ ഇവിടം പൊളിയാടോ ഇവിടുത്തെ മനുഷ്യരും. ഒഴിവു സമയത്തൊക്കെ സ്റ്റേജിലും യൂണിയൻറൂമിലും ക്യാൻറീനിലൊക്കെ ചെന്നിരിക്കുമ്പോക്കിട്ടണൊരു വൈബ്ണ്ടല്ലോ അതും മ്മക്ക് അത്രക്കും പ്രിയപ്പെട്ടോരൊപ്പം അത് വല്ലാത്തൊരു ഫീലന്നെയാണ്.

"ആറാളോടൊപ്പം നാലുകെട്ടില് നാലാള് കാണണോടത്ത് "ന്ന് ഏറ്റവും പ്രിയപ്പെട്ട സീനിയർ കുറിച്ചപ്പോ അന്നൊരിക്കലും ആ ദിവസം അത്രേം അടിപൊളിയായിരുന്നെന്ന് തോന്നിയതേയില്ല. എന്നാൽ കുന്നിൻ മോളിലെ ദിവസങ്ങൾ എണ്ണപ്പെട്ടോണ്ടിരിക്കുമ്പോൾ ഇവിടം എനിക്കെന്തായിരുന്നു എന്ന് ചിന്തിക്കുമ്പോഴാണ്, ആ നിമിഷവും നടുമുറ്റവും വരാന്തയും ക്ലാസ്സ്മുറികളും ക്യാന്റീനും ലൈബ്രറിയും സ്റ്റുഡൻസ് ട്രാപ്പും യൂണിയൻ റൂമും എന്തിന് ഇവിടത്തെ ഓരോ മരവും എനിക്കെത്ര പ്രിയപ്പെട്ടതായിരുന്നു എന്ന് മനസിലാകുന്നത്.

ചിലതൊക്കെ അങ്ങനെയാണ് വാക്കുകൾ കൊണ്ട് വർണ്ണിക്കാൻ വല്ല്യ പാടാണ്. അങ്ങനെ ഒന്നാണ് എൻ .എസ്. എസ് കോളേജും അതുകൊണ്ടൊക്കെത്തന്നെയാവും " കുന്നിൻ മോളിലെ സ്വർഗ്ഗം" എന്ന് പലരും വിളിക്കണത്. അതെ സ്വർഗം തന്നെയാ. ഈ മരണത്തോടടുക്കുമ്പോൾ ജീവിതത്തോട് പ്രണയം തോന്നും ന്ന് പറയണ പോലെ ദിവസങ്ങൾ തീരാറായി തൊടങ്ങിയപ്പോ എന്തോ ഒരു തരം ആർത്തിയാണ്, കുറച്ചു ദിവസൂടെ കോളേജില് നിക്കാൻ കഴിഞ്ഞിരുന്നേൽന്ന്. ഇന്നലെ വരെ എന്റേത് ന്ന് പറഞ്ഞോടത്തിന് ഞാൻ പഠിച്ചിരുന്നത് എന്ന പാസ്റ്റ് ടെൻസിലേക്ക് മാറ്റേണ്ടി വരേണ്ടതിന്റെ ഒരു വിഷമം . ആ എന്തെന്നായാലും ഓർക്കാൻ ഒരുപാട് നല്ല മുഹൂർത്തങ്ങൾ മാത്രേ ഇവിടം സമ്മാനിച്ചിട്ടുള്ളൂ.കൂടെ നിന്നവർക്കും ചേർത്തുപിടിച്ചവർക്കും എല്ലാം ഒരുപാട് നന്ദി....





CAMPUS TO CAPITAL

Be a Trader Before You Graduate

- INDIAN STOCK MARKET
- CRYPTO CURRENCY
- FOREX TRADING

Join now

ONLINE & OFFLINE CLASSES

EDMERIT
TRADING ACADEMY

+91 8137 08 00 99
hello.edmerit@gmail.com

First floor Royaltower,
Near IGBT bus stand, Manjeri



skymark® EDUCATION | Study Abroad

For Expert Guidance, Connect With Skymark Today

+91 8593 049 049

skymark.in

Branches: Manjeri | Calicut | Kannur | Kochi | Kottayam | Trivandrum | Dubai

കരിമ്പ്

Sandra Nalin (3rd Bsc Chemistry)



കൊടും വേനലിൽ
തണൽ തേടി
അവരാ മരച്ചുവട്ടിലെത്തി
ശാഖകൾ
വെട്ടിമാറ്റിയെങ്കിലും ആ
മരം അവർക്കു
തണലേകി
ആ സൂര്യാഗ്നിയിൽ
അവൻ
അവളെ നെഞ്ചോടു
ചേർത്തു
അവന്റെ കൈകൾ
അവളുടെ
